# വർണ്ണച്ചിറകുകൾ



little KITEs

സെന്റ്ജോൺസ് എച്ച്.എസ്

ഇരവിപുരം

# ST.JOHN'S HIGH SCHOOL


## ERAVIPURAM

*School code-41079*


*e-mail id 41079kollam@gmail.com*  *Ph no 0474 2727857*


## സന്ദേശം

കാലങ്ങളാകുന്ന പ്യൂപ്പയ്ക്കുള്ളിൽ തപസ്സിരുന്ന്,കഴിവുകളാകുന്ന വർണ്ണച്ചിറകുകൾ വിരിച്ച് നമ്മുടെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളായ കുട്ടികൾ സ്വാതന്ത്ര്യത്തിന്റെ ശുദ്ധവായുവിലേക്ക് പറന്നുയരട്ടെ.അവരുടെ സഞ്ചാരങ്ങൾ നേർവഴിക്ക് നയിക്കാനും അവരുടെ ചിറകുകളാകുന്ന ചിന്തകൾക്ക് ശക്തി പകരാനും അദ്ധ്യാപകരും സമൂഹവും എന്നുമുണ്ടാകട്ടെ എന്ന് ആശംസിക്കുന്നു



## സന്ദേശം



☎ 2729973

**St. John The Baptist Church**

ERAVIPURAM, KOLLAM - 691 011, KERALA, INDIA

Date 17.01.2020

ആകാശ പറവകളോടൊപ്പം
വർണ്ണ ചിറകുകൾ വീശി പറക്കാൻ
വെമ്പി നിൽക്കുന്ന പുതുതലമുറയുടെ
ഭാവനകളുടെ ഉദ്യാനമാണ് ഓരോ
വിദ്യാലയവും. ജാതി- മത- വർഗ്ഗ വർണ്ണ
വ്യത്യാസമില്ലാതെ പരസ്പരം സ്നേഹിച്ച്
മുന്നേറുന്നവരാണ് ഓരോ വിദ്യാർത്ഥി
കളും. വർണ്ണ കടലാസുകളിലെ ചായ
ങ്ങൾ മാറുന്നതു പോലെ ഇല്ലാതാകു
ന്നതല്ല കലാലയ സൗഹൃദങ്ങൾ. സൗഹൃ
ദങ്ങൾക്കെന്നും പ്രാധാന്യം കൊടുക്കുന്ന
യുവതയുടെ ചിറകുകൾ സ്വാതന്ത്ര്യത്തിന്റെ
നേർവഴിയിലെന്നും പാറട്ടെ. മറ്റുള്ള
വരെയും ആ നന്മയുടെയും സ്വാതന്ത്ര്യത്തി
ന്റെയും രുചി നുകരാൻ പ്രാപ്തരാക്കാൻ
നിങ്ങൾക്കു കഴിയട്ടെ.

ST. JOHN THE BAPTIST CHURCH KOLLAM ERAVIPURAM

Fr. Milto

# എഡിറ്റോറിയൽ ബോർഡ്

**ചീഫ് എഡിറ്റർ** **ബേസിൽ നെറ്റാർ പി**(ഹെഡ്മാസ്റ്റർ)

**സ്റ്റാഫ് എഡിറ്റർ** നൊറീൻ മേരി(കൈറ്റ് മിസ്ട്രസ്)

**സ്റ്റുഡന്റ് എഡിറ്റർ** ആൽബിൻ.സി(ലിറ്റിൽ കൈറ്റ് ലീഡർ)

**പത്രാധിപ സമിതി അംഗങ്ങൾ–**

അജു നെൽസൺ(പി.റ്റി.എ പ്രസിഡന്റ്)
മേരി ജസീന്ത(സീനിയർ അസ്സിസ്റ്റന്റ്)
റോസ് പി അഗസ്റ്റിൻ(സീനിയർ ടീച്ചർ)
ജോമോൻ വി ജോൺ(എസ്.ഐ.റ്റി.സി)
സെബാസ്റ്റ്യൻ ജെ (കൈറ്റ് മാസ്റ്റർ)
നൊറീൻ മേരി(കൈറ്റ് മിസ്ട്രസ്)
മേരി ജെനിഫർ(അദ്ധ്യാപിക)
വിമല(അദ്ധ്യാപിക)
ആൽബി.എസ്(ലിറ്റിൽ കൈറ്റ് ലീഡർ)
ജിഷ(ലിറ്റിൽ കൈറ്റ് അംഗം)
ജിത്തുമോൻ ജോയ്(ലിറ്റിൽ കൈറ്റ് അംഗം)
ഒളീവിയ(ലിറ്റിൽ കൈറ്റ് അംഗം)

**കവർ പേജ്**

**ചിത്രം**

ജിത്തുമോൻ ജോയ് (ലിറ്റിൽ കൈറ്റ് അംഗം)



## എഡിറ്റോറിയൽ ബോർഡ്





## എഡിറ്റോറിയൽ

ഇരവിപുരം  എന്ന തീരദേശഗ്രാമത്തിന്റെ ഹൃദയത്തുടിപ്പും സാംസ്കാരിക കേന്ദ്രവുമായി പരിലസിക്കുന്ന സെന്റ് ജോൺസ് ഹൈസ്കൂളിലെ ലിറ്റിൽ കൈറ്റ്സ് 2018-2021,ബാച്ചിലെ കുട്ടികളുടെ ഈ വർഷത്തെ ഡിജിറ്റൽ സർഗസൃഷ്ടിയാണ് **വർണ്ണചിറകുകൾ**. വിരൽത്തുമ്പിൽ അക്ഷരലോകം കാണുന്ന യുവതലമുറയുടെ സർഗവാസനകളുടെ പുതുലോകം നാമിന്ന് കാണുന്നത് നവമാധ്യമങ്ങളിലൂടെയാണ്

തങ്ങളുടെ ഭാവനയുടെ ലോകം നൂതന സാങ്കേതിക വിദ്യയുടെ വാതായനങ്ങളിലൂടെ തുറന്ന് കാട്ടുകയാണ് ഈ ഡിജിറ്റൽ മാഗസ്സിൻ,അവർക്ക് വേണ്ട പ്രോത്സാഹനങ്ങളും വാത്സല്യപൂർണ്ണമായ വിമർശനങ്ങളും പ്രതീക്ഷിക്കുന്നു............

സ്റ്റാഫ് എഡിറ്റർ
നൊറീൻ മേരി

## ഉള്ളടക്കം


പ്രളയം ....12
ഒരു പ്രണയ ഗീതം....13
മായുന്ന സൗഹൃദം....15
കാർമേഘം....16
അമ്മ....17
പ്രകൃതി....18
പൂക്കാലമായി....19
എങ്ങുപോയ് പച്ചപ്പ്.....?....21
എന്റെ മലയാളം....21
നിലാവിൻെറ രാത്രി....22
അമ്മയെന്നഓർമ്മ....23
നിലാവ്....24
പ്രക്രുതിയിൽ ഒരു നിമിഷം....26
പകൽക്കിനാവ്....27
അമ്മ....28
കറുപ്പും വെളുപ്പും....30
തെങ്ങോലയും കുഞ്ഞിക്കിളിയും....31
വികൃതിചിക്കു....32
അമ്മ....33
ഒരു കുടന്ന വെളിച്ചമായ്....35
കിട്ടുമുയലും അമ്മിണികാക്കയും....36
ഡീഗോ അർമാൻഡോ മറഡോണ....40
എസ് . കെ .പൊറ്റക്കാട്....41
ഇന്ത്യ കണ്ട ദൈവം....43
സുഗതകുമാരി....45
മെസ്സി എന്ന മാന്ത്രികൻ....47
എന്റെ മാതൃഭാഷ....51
ഒരു നല്ല പരിസ്ഥിതിയ്ക്കും ആരോഗ്യത്തിനും വേണ്ടി ഇന്ധനത്തെ സൂക്ഷിക്കുക....53
അനുഭവ യാഥാർത്ഥ്യങ്ങൾ....56
പഴഞ്ചൊല്ലുകൾ....58
കടം കഥകൾ....59
കുസൃതി ചോദ്യങ്ങൾ....60
FRIENDSHIP....62
MOTHERTERESA....63
A GOOD STUDENT....64
Hard work and success....65
Ten principals to make you mature....66

ആനി കടവൂർ....68
....69
ആത്മഗതം....69
മൂവന്തിയഴക്....71
അടുക്കള ഗന്ധം....72
ചിത്രങ്ങൾ....74
ലിറ്റിൽ കൈറ്റ്സ് പ്രവർത്തന റിപ്പോർട്ട്....91

# വർണ്ണച്ചിറകുകൾ

## 2019-2020

# കവിതകൾ



# പ്രളയം......

*പ്രളയം ഒരു ജനതയുടെ*
ഹൃദയം പിളർക്കുന്ന പ്രളയം
വാർത്തകളിൽ പ്രളയം
കണ്ണീരിന്റെ പ്രളയം
മഴ ദൈവങ്ങൾ കനിഞ്ഞ പ്രളയം
ഓർമകൾ മറഞ്ഞു പ്രളയത്തിൽ
സ്വപ്നം ഒഴുകി പ്രളയത്തിൽ
കനിവിന്റെ ഉറവ വറ്റിയിട്ടില്ലെന്ന്
ഓർമ്മപ്പെടുത്തുന്ന പ്രളയം
മതേതരത്വത്തിന്റെ നേർവര നേടിനാം
ഒന്നെന്ന് ഓർമ്മപ്പെടുത്തിയൊരു പ്രളയം
ഹിന്ദുവും ക്രിസ്ത്യാനിയും മുസല്മാനും
ഒരുപാത്രത്തിൽഅന്നം ഊട്ടിച്ചൊരു പ്രളയം

വാർത്തകളിൽ ഒരു കടലിരമ്പം
ഞാൻ കാത്തിരിക്കുകയാണ്
നീ തിരിച്ചുവരുമെന്ന്
ഫോണുകൾ ഒരു ജീവന്റെ
രക്ഷക്ക് പാത്രമായി തീർന്നൊരു പ്രളയം
പ്രദീക്ഷയിൽ പ്രളയം
ഓർമ്മകളിൽ പ്രളയം
ഹൃദയം തകർത്തൊരുപ്രളയം..............

ആൽബിൻ സി 9



## ഒരു പ്രണയ ഗീതം

*ഇങ്ങസ്തമിക്കുന്ന സൂര്യൻ; പെരുവഴി*
*തീർന്നു തിരിച്ച നടക്കാം നമുക്കിനി*
*സ്വന്തം കുരുതിയിലേക്കു പോകുന്നൊരു*
*ക്കൊമ്പുചുവന്നൊരററവുമൃഗങ്ങൾക്കു*
*പിമ്പേ നടക്കുമ്പോഴും നമ്മേബന്ധിപ്പ*
*തെന്താഭിചാരം? പ്രണയമോ പാപമോ?*

*ഇല്ല പൊട്ടിചിരി നീണ്ട ഞരക്കങ്ങ*

*ള്ലാതെയോരേ തകരക്കൂടിലില്യം*

*വെള്ളമിറങ്ങാതെ ജീവിത മൂർച്ചയിൽ*

*തുള്ളിപ്പനിച്ച കിടക്കയാമുണ്ണികൾ*

*നീയറിയുന്നുവോ?  ചോലമരങ്ങളിൽ*

*സായാഹ്നമോരോനില്യുളുങ്ങുലതും*

*നീങ്ങ മൗനത്തിലേക്കെൻെറ രാപ്പക്ഷികൾ*

*നീലച്ചിറക്ക കുഴഞ്ഞു വീഴുന്നതും*

കൈവഴികൾ

ഹൃദയത്തിനൊരുകോണിൽ  എന്നു

മഗ്നിയായി ജ്വലിച്ചതെന്തിനാണു നീ.

ഞാനകന്നുമാറിയിട്ടും നീയെൻ കരങ്ങ

ൾ മുറുകെ പിടിച്ചു സഞ്ചരിച്ചതെങ്ങനെ!

ഒരുപൊട്ടു രക്തകണമായി എന്നു-

ള്ളിലൂടെ നീ പാഞ്ഞതെന്തിനാണു.

വിഘ്നങ്ങളെതൻ കൈച്ചുരടാക്കി

ആഴത്തിലെൻഹൃദയം കരസ്ഥമാക്കീലേ.....

എൻ വാമൊഴിയായി നീ പുറംലോകം

കണ്ടപ്പോൾ പരിഹാസപുഞ്ചിരിയേറ്റവളാണു ഞാൻ

നിൻ കരങ്ങൾ എന്നെചേർത്തപ്പോൾ

ആ പുഞ്ചിരി നിഷ്ഫലമായി.

ആരുംകാണാതെ ഞാനെൻ ഹൃദയകോണിൽ-

ഒളിപ്പിച്ചപ്പോൾ നീയെൻ രക്തമായി സിരകളിൽ

തീർച്ച നീഎന്നിൽ തന്നെ-

ഞാൻ നിന്നിൽനിന്നുമകലില്ല.

നിൻ കാൽപാദങ്ങൾ നയിക്ക-

മെൻ കാലുകൾ.നിൻ പാതയിലേക്ക്

സ്വപ്നമേ.....നിൻ പാതയാണ്

എൻ ജീവിതമെന്നു കാലം ഉരുവിടും

നിന്നിലേക്ക് ഞാനെത്തുന്ന നിമി-

ഷം കാലം തെളിയിക്കുമെന്നൊരു

ദീപമായ് എന്നും തെളിയണമുള്ളിൽ നീ

ANN MARY *9A*



# മായുന്ന സൗഹൃദം

നീ എന്നിൽനിന്നകന്നു-

വോ എൻ പ്രിയ കൂട്ടുക്കാരി

നിനക്കായെൻ സ്നേഹത്തിൻ കവാടം

തുറന്നു തന്നതല്ലേ ഞാൻ

ഇപ്പോൾ നീ എന്നെ പിരിഞ്ഞുവോ

നീ എന്നിൽ നിന്നും കാണാത്ത

ദൂരത്ത് അകന്നുവോ എൻ പ്രിയമേ

പൂവിന്റെ ഇതളുകൾ ചേർന്നുനിന്നതു

പോൽ നമ്മളും ചേർന്നു നിന്നതാണ

ല്ലോയെൻ സുഹൃത്തേ

നീ ഓർക്കുന്നുവോ ഈ ഓർമകൾ

നീ മറന്നുവോ ഈ സ്നേഹം, പിരിഞ്ഞുവോ നാം അത്രക്കും

നമ്മുടെ സൗഹൃദ സ്നേഹം തഴച്ചുവളർന്ന കാല-

മുണ്ടായിരുന്നവല്ലോ,നീ എന്നിൽ നിന്ന്
ദൂരെ മറഞ്ഞുപോയോ സ്നേഹമേ
നീ എന്റെ വിളി കേൾക്കുന്നില്ലേ
നീ ഞാൻ വിളിച്ചാൽ അരികയെത്തുകയില്ലെ
അത്രയ്ക്കും നമ്മൾ അകന്നോ എൻ പ്രിയ സഖീ
രാവിലെ എൻ മുന്നിലൊരു നല്ല
കണിയായി നീ എത്തിയിരുന്നതല്ലേ
ആ നിമിഷങ്ങൾ നീ എനിക്കു തിരികെ
തരു എന്നിൽ നിന്നും അത്രക്കും
അകന്നുവോ എൻ പ്രിയ സഖീ
നീ എന്നെ വിട്ടുപോയൊ സ്നേഹമെ
പുഴയിരമ്പുന്നു കാറ്റു പറയുന്നു
കുയിൽ പാടുന്നു നമ്മൾ ഒന്നാണെന്ന്
പൂക്കളും ചെടികളും ഒന്നിച്ചു ചൊല്ലുന്നു
നമ്മൾ അകലാത്ത സ്നേഹമാണെന്ന്
സത്യമോ എൻ പ്രിയസഖീ നീ എന്നിൽ
നിന്നകന്നുവോ എൻ വിളി
നീ ഇനി കേൾക്കുമോ പ്രിയമേ.....

ANOSHA R

*8b*

## കാർമേഘം



മനം പോലെ മാനവും
ഇരുളുന്നു വിണ്ടും
പെയ്യാഴയൊഴിയുന്നീല്ല
ഒരു തുള്ളി പോലും...!!
ഘനമേറെയാണുതാനും...

ലഘുവായ് വീണ്ടും...

വാനിലേക്കുണർന്നുയരാൻ

ഈ ചക്രമിതുപോൽ തുടരുവാൻ...

Figo

9a

## അമ്മ




മറയാത്ത ഒർമ്മയാണമ്മ

സഹനശക്തിതൻ പര്യായമാണമ്മ

എഴുതിയാൽ തിരാത്ത പുണ്യമമ്മ

നല്ല കാലത്തിൻെറ വരദാനമമ്മ

അമ്മയാണാദ്യ ഗുരുവാണ്

കാട്ടിലും മേട്ടിനമമ്മയുണ്ടെങ്കിൽ

എന്തിന മേടിപ്പതെന്തിന വേണ്ടി

കുഞ്ഞിൻെറ അദ്യത്തെ പാഠമാണമ്മ

സത്യമാണമ്മ കാലമാണമ്മ

വീട്ടിൻെറ ശുചിത്തമാണമ്മ

വീടിൻെറ തണലെൻെറയമ്മ

ഫിഗോ.വി

9A



# പ്രകൃതി

എത്ര സുന്ദരം ഈ പ്രകൃതി
എത്ര മനോഹരം ഈ സായം സന്ധ്യ
സന്ധ്യതൻ പൂമരത്തിലെ വിചിത്രചിത്രങ്ങൾ
എൻ മനതാരിൽ വിസ്മയചിത്രങ്ങളായി
ഞാൻ അത്ഭുത പരതന്ത്രയായി
പടിഞ്ഞാറെ ചക്രവാളം
കുങ്കുമം ചാർത്തി
ചെം കുങ്കുമ ചെപ്പ് കടലിൽ മുങ്ങി .
മനുഷ്യൻ പ്രകൃതി എന്ന വൻ
ലോകത്തെയാണ്
വെട്ടി നശിപ്പിക്കുന്നത്
താങ്ങും തണലും ആകേണ്ട പ്രകൃതിയെ

*മനുഷ്യൻ വെട്ടി....വെട്ടി... നികത്തുന്നു*

*നാം ഒരുവട്ടം പോലും ചിന്തിക്കുന്നില്ല*

*പ്രകൃതിയെന്ന ലോകത്തെക്കുറിച്ച്*

*ജിഷ .വി . 9A*

# പൂക്കാലമായി



മുറ്റത്തു നില്ക്കുന്ന ചെമ്പകം പൂത്തു

മൂലയ്ക്ക് നില്ക്കുന്ന തേൻ പുളി പൂത്തു

നീർമാതളത്തിൽ പൂക്കുല വന്നു

കൊമ്പത്ത് നില്ക്കുന്ന പൂമുല്ല പൂത്തു

പാടത്ത് നില്ക്കുന്ന മൂവാണ്ടൻ പൂത്തു

വേലിക്കൽ നില്ക്കും ശതാവരി പൂത്തു

പൂക്കുന്നിതാ കാട്, പൂക്കുന്നിതാ മേട്

പൂക്കുന്നിതാ എന്റെ മുറ്റത്തെ കാട്

കൊത്തിച്ചിലച്ചെന്റെ മുന്നിലായ് വന്നു

പച്ചപ്പനം തത്ത പാട്ടൊന്നു പാടി

പൂക്കാലമായി, പൂക്കാലമായി

വാഴ്ത്തുക, വാഴ്ത്തുക നാമൊന്നുചേർന്ന്

കാലങ്ങൾ നൽകിയ ദേവനെ നിത്യം

അനീഷ.ബി

*9.B*




# എങ്ങുപോയ് പച്ചപ്പ്.....?

എങ്ങുപോയ്, എങ്ങുപോയ്
നമ്മുടെ നാടിൻ പച്ചപ്പുകൾ
എങ്ങുപോയ്, എങ്ങുപോയ്
നമ്മുടെ നാടിൻ സംസ്കാരങ്ങൾ
ഓർക്കുന്നുവോ, ഓർക്കുന്നുവോ
കേരളമെന്നൊരു നാടിനെ നിങ്ങൾ
സ്മരിക്കുന്നുവോ, സ്മരിക്കുന്നുവോ
*സ്വാതന്ത്ര്യസമരസേനാനികളെ.*

# എന്റെ മലയാളം



പുലരിമ പൂണും മലയാളം
പുതുമകൾ വിരിയും മലയാളം
പുഞ്ചകൾ വിളയും മലയാളം
പുഞ്ചിരി നിറയും മലയാളം
അറബികടലിന്നലയോളം
അഴകിൽ പശ്ചിമ മലയാളം
അധുലവിശുദ്ധികൾ വാനോളം
അലതല്ലുന്ന മലയാളം
കുരുമുളകിന്റെ സുഗന്ധതയും
കരിമുകളിൽ വാർമഴ വില്ലൊളിയും
കേര സുരഭില മലമ്പാത
കേളിയുമെഴുമെൻ മലയാളം
വയലുകൾ പവിഴക്കതിർ ചാർത്തി
വറുതിപ്പാഴ്ഴിഴലല തോർത്തി
വിളവുകൾ പൊൻക്കതിർ നിലനിർത്തി
വിളയാടുന്ന മലയാളം
സസ്യശ്യാമള കേദാരം
സമ്പൽ വിഭവ സമാഹാരം
സുരളിത സുന്ദര മലമ്പാത
സുഗതം മാമക മലയാളം.

ANNIE MARY

[TEACHER]

# നിലാവിൻെറ രാത്രി



നിലാവിൻെറ നിറമെന്ത് ?
ഉള്ളിൽ തെളിയുന്ന മുഖമിന്ന്...
നിലാവിൻെറ നിറമാണ്...
ഇന്നു തിരിയണഞ്ഞട്ടില്ല...
മുറി തിരികൾ
ഇടവഴികളിൽ തെളിച്ചവളുടെ...
പുലരി മുതൽ
സൂര്യനുദിച്ചപോൾ ഭരണങ്ങാനം...
സഹനമെന്നാൽ സുകൃതമെന്നും...
സമയം ചെയ്യ നിൻ വഴികൾ
അയലത്തെ അമ്മയാണ്...
അൽഫോൺസാ
അറിയില്ല പറയാൻ
പ്രാർത്ഥനയയല്ല...
നിൻ മുമ്പിലൊരു സ്നേഹകാവ്യം
സഹനത്തിൻ പുണ്യം രചിക്കാൻ
അടയാളവാക്യങ്ങളായി
ഞാനിന്ന് ആകാശം തേടുന്നു...
കട്ടം വേദനയാൾ സഹനത്തിൽ പതറുന്നു...
ഇല്ലില്ല ഇനിയില്ല വേദന...
നിൻ മുമ്പിലെൻ വേദനയ്ക്കർത്ഥമില്ല
സഹനത്തിൻ സ്വർഗ്ഗം ചാരത്ത്
നിലാവിൻെറ നിറമാകാൻ ഞാനും വരട്ടെ......

ASWIN
9A



# അമ്മയെന്നഓർമ്മ

ഓർമ്മകളാണെന്റെ  ജീവിതം
അമ്മയെന്നഓർമ്മ
എനിക്കുണ്ടായിരുന്നില്ല
അമ്മയുടെ  സ് നേഹം
ഞാൻ ഇഷ്ടപ്പെട്ടില്ല
അമ്മയോട് ഞാൻ
ഒന്നു സ് നേഹത്തോടെ
സംസരിച്ചിട്ടില്ല
അമ്മയുടെ സ് നേഹവും
വാത്സല്യവും എന്തെന്നറിയാൻ
ഞാൻ ശ്രമിച്ചില്ല
ഇന്നെന്റെ അമ്മയാണ്
വലുതെന്ന് ഞാൻ തിരിച്ചറിയുന്നു
അമ്മയെക്കാൾ വലുതായി
ഈ ലോകത്ത് മറ്റാരുമില്ല
എന്ന് എന്റെ ഓർമ്മ
എന്നെ പഠിപ്പിച്ച
അമ്മയെന്നൊരുന

AlbIN

9A

# നിലാവ്



നറു ചിരി വിതറാൻ

ചിരിയൊളി പകരാൻ

വിരുന്നെത്തിയിന്നും

വിണ്ണിൽ നിന്നീ വെണ്ണിലാവ്

ഇരവിന്നിരുളിൽ

വഴിയേതെന്നറിയാതുഴലും

നേരത്തൻ ചാരത്തായണയും

സഖിയേ.... സഖിയേ.......

മണ്ണിന്നിരുളകലാൻ കണ്ണിൽ

കാഴ്ചകൾ തെളിയാൻ

കനവിൽ നിറയും നിനവിൽ

കുളിരും കുട്ടായണയും

നിറ നിലാ കടവുമായെന്നുമെൻ

അരികിലണയുമോ സഖിയേ.....

FIGO

9A

# അമ്മയ്ക്ക്



ഒരു വിളിപ്പാടകലെ  കാത്തിരിപ്പൂ

എൻ  ജീവൻെറ  കാരണമായുള്ളോരെന്നമ്മ

പറയുവാൻ  എനിക്കാവതില്ലനിൻ  മഹത്വം

ചെയ്തതൊക്കെയും  എൻ  നന്മക്കായ്

എങ്കിലും  ഓർമതൻ  വാതിലിൽ  ചില  മധുര-

നിമിഷങ്ങൾ സമ്മാനിച്ചതും

അച്ഛനിലെന്ന  തോന്നുമേ  നീ

ചെയ്ത  കാര്യങ്ങൾ  ഒന്നുമേ  പകരം  വയ്ക്കുവാൻ

കഴിയില്ലെനിക്കെന്നും.

ആയുസ്സിൻ  ദിനങ്ങളൊക്കെയും

എന്നും  ഓർപ്പൂനിൻ  മുഖം

എന്നും നല്ലതുമാത്രം വരണമെന്നീശ്വരനോട്-

ചൊന്നീടും. തിരികെതരാൻ  ഒന്നുമില്ലീ-

കൈയ്യിൽ............

ചെറുചുംബനംമാത്രം ........ചെറുചുംബനം.

**ജോയിസ്സ്**

(ടീച്ചർ)



# പ്രക്രതിയിൽ ഒരു നിമിഷം

ഭൂലോകം മുഴുവൻ മനുഷ്യർക്ക് മാത്രമോ?

ജീവജാലങ്ങൾ പിന്നെയും വന്നു

കാടും മലയും പുഴയും മണലും

പങ്കുവയ്പതിനായി മനുഷ്യൻ മാത്രം



# പകൽക്കിനാവ്

ഏകാന്തതയിൽ ഞാൻ കണ്ടൊരു
പകൽക്കിനാവ്,
എന്നോർമ്മയിൽ അതിയാദൃഷ്ചികമാം
പകൽക്കിനാവ്.
അതിൽ അമ്മയായിരുന്നു,
പ്രകൃതിയാമമ്മയായിരുന്നു.
സർവ്വംസഹയാം പ്രകൃതിയെ സ്നേഹിക്കും -
മനുഷ്യരായിരുന്നു.

പെട്ടെന്നുണർന്നു ഞാനെൻ –
പകൽക്കിനാവു വെടിഞ്ഞു
അതിഞ്ഞു കാരണം പ്രകൃതിതൻ
രാക്ഷസൻ മനുഷ്യരായിരുന്നു.
ഇനിയറിയൂ മനുഷ്യരേ ജീവിതത്തിൻ അടിത്തറ
സ്നേഹത്തിലുപരി പ്രപഞ്ചമാണെന്ന് !
പുണ്യവതിയാം പ്രകൃതിയാണെന്ന് !

സാന്ദ്ര.സിൽവസ്റ്റർ
9.B




# അമ്മ

അമ്മയും ഉമ്മയും മമ്മിയും ഒന്ന്
അമ്മതൻ തേൻതുള്ളമ്പും
സ്നേഹം ഒന്നാം ഒന്ന്
അമ്മ തൻ ത്യാഗം
സ്നേഹത്തിൽ കുതിർന്നത്
അമ്മയ്ക്ക പകരം വാക്ക് സ്നേഹം
അതിരുകളില്ലാത്ത സ്നേഹം നിറച്ചെൻ
മനസ്സിൽ വരും അമ്മതൻ മുഖം
നൈർമ്മല്യഭാവമെൻ മുഖമെപ്പോഴം
ഉമ്മയാലെന്നമ്മ പൊതിയുമാറുണ്ടല്ലോ
ആയിരം ജന്മങ്ങൾ കിട്ടിയാലെന്തിനി
കിട്ടുമോ ഇത്തരം അമ്മതൻ വാത്സല്യം

ജിഷ .വി
9A

# കഥകൾ



# കറുപ്പും വെളുപ്പും

ഒരു ദിവസം രാജാവും മന്ത്രിയും കൂടി ഒരു കളി കളിച്ചു. ആ കളിയിൽ മന്ത്രി തോറ്റു. മന്ത്രിയ്ക്ക് കറുപ്പ നിറമായിരുന്നു. മന്ത്രിയ്ക്ക് ഒരു ബുദ്ധിതോന്നി. ദൈവം നമുക്കൊരു കളം കൊടുത്തിച്ചുണ്ട്. വെളുപ്പുള്ളവർ മണ്ടന്മാരും കറുപ്പുള്ളവർ ബുദ്ധിമാന്മാരും. രാജാവ് നിരാശനായി.

ജീവ.എസ്

9.B





# തെങ്ങോലയും കുഞ്ഞിക്കിളിയും

തെങ്ങോല പറഞ്ഞു "കുഞ്ഞിക്കിളി നിനക്ക് കൂട് വയ്ക്കാൻ അറിയാമല്ലോ എന്നെക്കൂടി പഠിപ്പിച്ചുകൂടെ"? എന്നെപ്പോലെ നിനക്ക് വേറൊരിടത്ത് ചകിരിയും നാരും ശേഖരിക്കുവാൻ കഴിയുമോ ? "ആ നീയെന്നെ കളിയാക്കുകയൊന്നും വേണ്ട" തെങ്ങോല മൊഴിഞ്ഞു. കുഞ്ഞിക്കിളി ചിലച്ചുകൊണ്ട് പറന്നുപോയി.തെങ്ങോല കുലുങ്ങിചിരിച്ചു.

ANNMARY.SAJEEV

9 A




# വികൃതിചിക്കു

ദിവസവും ആരെയെങ്കിലും കളിയാക്കാതെ ചിക്കുവിന് ഉറക്കമില്ല. അച്ഛനും അമ്മയ്ക്കും ഏക മകനാണ് ചിക്കു. പക്ഷേ മഹാ അഹങ്കാരിയായിരുന്നു അവൻ. ആരെ കണ്ടാലും കളിയാക്കാതെയും ഉപദ്രവിക്കാതെയുമിരിക്കില്ല. അങ്ങനെയിരിക്കെ ഒരു ദിവസം ഒരു കുറിഞ്ഞിപ്പൂച്ച ചിക്കുവിന്റെ മുന്നിലെത്തി. അതിനെ പിച്ചിയും അടിച്ചും ചിക്കു അതിനെ ഉപദ്രവിച്ചു . കുറിഞ്ഞി തിരിച്ച് അള്ളിയും മാന്തിയും പ്രതിഷേധം അറിയിച്ചു . ആ ആക്രമണം ചിക്കു തീരെ പ്രതീക്ഷിച്ചില്ല . അവന് ഒരുപാട് നൊന്തു അന്നുമുതൽ അവൻ നല്ല കുട്ടിയായി . അഹങ്കാരവും നിഷേധിത്തരവും ഉപേക്ഷിച്ചു . കൂട്ടുകാരെ നാം എത്ര അഹങ്കരിച്ചാലും എന്നെങ്കിലും നല്ല തിരിച്ചടി കിട്ടും .

ജീവ

9 b

# അമ്മ



അങ്ങകലെ ഒരു ഗ്രാമത്തിൽ ഒരു കുടുംബം താമസിച്ചിരുന്നു. മാതാപിതാക്കളോടുകൂടെ വളരെ സന്തോഷത്തോടെയാണ് രാമു അവിടെ താമസിച്ചിരുന്നത്. അവന്റെ അമ്മ വളരെ സുന്ദരിയായിരുന്നു. അവന്റെ അച്ഛൻ ജോലിയ്ക്കിടയിൽ മലയിൽ നിന്ന് താഴേയ്ക്ക് വീണു മരിച്ചു. അച്ഛന്റെ മരണത്തിനുശേഷം രാമുവും അമ്മയും തനിച്ചായി. പിന്നെ രാമുവിന്റെ അമ്മയാണ് അവനെ ജോലിയെടുത്ത് വളർത്തിയത്. പഠനത്തിൽ മിടുക്കനായിരുന്നു രാമു. അവനെക്കുറിച്ച് നല്ലതു മാത്രം പറയാനാണ് അവന്റെ അമ്മയെ അധ്യാപകർ സ്കൂളിലേക്കു വിളിക്കുന്നത്. കഷ്ടപ്പാടു നിറഞ്ഞ ജീവിതത്തിൽ അവനെക്കുറിച്ചുള്ള നല്ല വാക്കുകൾ അവന്റെ അമ്മയ്ക്ക് ആശ്വാസം നൽകും. ഒരു ദിവസം രാമുവിനു പനിയായതുകാരണം അവൻ സ്കൂളിൽ പോയില്ല. ഉറങ്ങിക്കിടന്നപ്പോൾ ആരോ അവന്റെ തലയിൽ തടവുന്നതുപോലെ തോന്നി. കണ്ണു തുറന്നുനോക്കിയപ്പോൾ അതവന്റെ അമ്മയായിരുന്നു. അപ്പോഴാണ് അവൻ ശ്രദ്ധിക്കുന്നത്. തൂവെണ്ണ പോലെ വെളുത്തിരുന്ന കൈകളുടെ വെൺമ നഷ്ടപ്പെട്ടു. തുവൽ പോലെയുള്ള

സ്പർശം. ആ മൃദുലതയെല്ലാം ഇപ്പോൾ നഷ്ടപ്പെട്ടിരിക്കുന്നു. ആ കൈവെള്ളയിൽ തഴമ്പു വന്നിരിക്കുന്നു. അമ്മയുടെ ഈ അവസ്ഥ അവനെ വളരെ അസ്വസ്ഥനാക്കി. അങ്ങനെ അവനു പതിനാലു വയസ്സായി. പിറന്നാൾ ദിനത്തിൽ അവൻ അമ്മയോടു ചോദിച്ചു; 'എന്റെ 20-ാം വയസ്സിലെ പിറന്നാളിന് അമ്മ എനിക്ക് എന്തു സമ്മാനമാണു തരിക.' ആ ചോദ്യത്തിനുത്തരമായി അവർ ഒരു പുഞ്ചിരി മാത്രം സമ്മാനിച്ചു. പത്താം ക്ലാസ്സിൽ എല്ലാ വിഷയങ്ങൾക്കും നല്ല മാർക്കോടെ പാസ്സായി. അവന്റെ പത്തൊൻപതാം വയസ്സിൽ അവൻ മെഡിസിനു ചേർന്നു. പഠിപ്പിച്ച് ഡോക്ടറാക്കാനൊന്നും അവന്റെ അമ്മയുടെ കൈയിൽ പണമില്ല. അതുകൊണ്ട് സ്കോളർഷിപ്പോടെയാണ് അവൻ പഠിച്ചത്. ഒരു ദിവസം കോളേജിൽവച്ച് അവൻ തല കറങ്ങി വീണു. അവന്റെ സുഹൃത്തുക്കൾ അവനെ ആശുപത്രിയിലേക്കു കൊണ്ടുപോയി. അവന്റെ അമ്മ ഉടൻ തന്നെ ആശുപത്രിയിലേക്കു വന്നു. ഡോക്ടർ അവന്റെ അമ്മയോടു പറഞ്ഞു;നിങ്ങളുടെ മകനു ഹൃദയസംബന്ധമായ രോഗം. ഉടൻ തന്നെ ഹൃദയം മാറ്റിവയ്ക്കണം. അങ്ങനെ അവനു യോജിച്ച ഒരു ഹൃദയം കിട്ടി. ഉടൻതന്നെ ശസ്ത്രക്രിയ ആരംഭിച്ചു. അതു വിജയിച്ചു. അവന്റെ ജീവൻ സുരക്ഷിതമായി. അപ്പോഴാണ് അവന്റെ അമ്മ മരിച്ച വിവരം അവൻ അറിഞ്ഞത്. ആ വാർത്ത അവനെ തളർത്തി. അമ്മയുടെ സംസ്കാരം കഴിഞ്ഞ് അവൻ സ്വന്തം വീട്ടിലേക്കു മടങ്ങി. അപ്പോഴാണ് അവൻ കണ്ടത്! അവരുടെ കുടുംബഫോട്ടോയുടെ താഴെ ഒരു കത്തിരിക്കുന്നത് അവൻ ശ്രദ്ധിച്ചു. അതെടുത്ത് അവൻ വായിച്ചു. അതു തന്റെ അമ്മയുടെ കത്താണ്. അതിൽ എഴുതിയിരുന്നത് ഇങ്ങനെയായിരുന്നു; എന്റെ മോൻ അറിയുന്നതിന്,നീ അന്ന് അമ്മയോടു ചോദിച്ചത് നിനക്കോർമ്മയുണ്ടോ? നിന്റെ ഇരുപതാം പിറന്നാളിന് അമ്മ നിനക്ക് എന്തു സമ്മാനമാണു തരുന്നതെന്ന്. അടുത്ത

മാസമാണ് നിനക്ക് ഇരുപതു വയസ്സാകുന്നത്. നിനക്കുള്ള സമ്മാനം അമ്മ ഇപ്പൊഴേ തരികയാണ്.എന്റെ ജീവനാണ് ആ സമ്മാനം. അതിനേക്കാൾ വലിയ സമ്മാനമൊന്നും അമ്മ കാണുന്നില്ല. നിനക്കു ഹൃദയം മാറ്റിവെച്ചേ മതിയാവൂ എന്ന് ഡോക്ടർ പറഞ്ഞപ്പോഴാണ് അമ്മയുടെ ഹൃദയം കൊണ്ട് നിനക്കു നിന്റെ ജീവൻ തിരികെ കിട്ടുമെന്ന് അമ്മയ്ക്ക് മനസ്സിലായത്. ഇനി നിന്റെ ജീവിതമാണ്. ഒരു ഡോക്ടറാകണമെന്ന നിന്റെ സ്വപ്നം നിറവേറണം. മോൻ നന്നായി പഠിക്കണം. പഠിച്ച് വലിയ ആളാകണം.ഇതായിരുന്നു കത്തിന്റെ ഉള്ളടക്കം. കത്തു വായിച്ച അവന്റെ കണ്ണുകൾ നിറഞ്ഞൊഴുകി. അവൻ തന്റെ അമ്മയുടെ ഫോട്ടോ ഹൃദയത്തോടു ചേർത്തുവച്ചു.

ലിസ്റ്റീന.ബിജു

9.b



## ഒരു കടന്ന വെളിച്ചമായ്..........

ഒരിക്കൽ ഒരു മനുഷ്യൻ തന്റെ കൃഷിയിടത്തിൽ നിന്ന് അതിമനോഹരമായ ഒരു വെണ്ണക്കൽ പ്രതിമ കുഴിച്ചെടുത്തു . സൗന്ദര്യവസ്തുക്കളെ സ്നേഹിക്കുകയും അവ ശേഖരിക്കുകയും ചെയ്തിരുന്ന ഒരാളുടെ അടുത്തേക്ക് അയാൾ അതുമായ് ചെന്നു .

അയാൾ ആ പ്രതിമയെ ഒരു വലിയ തുകയ്ക്ക് സൗന്ദര്യാസ്വാദകന് വിറ്റു പണവുമായി വീട്ടിലേക്ക് മടങ്ങുമ്പോൾ അയാൾ ഇങ്ങനെ ചിന്തിക്കാൻ തുടങ്ങി : ഈ പണം എന്തുമാത്രം ജീവിതസൗകര്യങ്ങളാണ്

നൽകുന്നത് ! എല്ലാവരാലും അവഗണിക്കപ്പെട്ട് ആയിരത്തോളം വർഷങ്ങളായി മണ്ണിനുള്ളിൽ പുതഞ്ഞുകിടന്നിരുന്ന ഒരു മുതശിലയ്ക്ക് പകരമായി ഇത്രമാത്രം പണം നൽകി ഏതു

വിഡ്ഢി വിലയ്ക്കുവാങ്ങും ? അപ്പോൾ തന്റെ കൈക്കലെത്തിച്ചേർന്ന പ്രതിമയിലേക്ക് നോക്കി അയാൾ സന്തോഷപൂർവ്വം ആശ്ലേഷിച്ചു.



# കിട്ടുമുയലും അമ്മിണികാക്കയും

ഒരിടത്തൊരിടത്ത് മുയൽ ഗ്രാമം എന്നറിയപ്പെടുന്ന മുയൽ കുട്ടൻമാരുടെ നാട്ടിൽ ഒരു വികൃതികുട്ടനായ കിട്ടുമുയലും ,

കൂട്ടുകാരുമുണ്ടായിരുന്നു . ഈ മുയലുകളുടെ ശല്യം സഹിക്കാനകാതെ മറ്റുമുയലുകളും സഹികെട്ടിരിക്കുന്നു .

എന്തെങ്കിലും ചെയ്യേണ്ട എന്നു പറഞ്ഞാൽ ചെയ്യുന്നവരാണ് ഇവർ ഇങ്ങലനെയിരിക്കെ ആ നാട്ടിലൊരു നല്ലവളായ കാക്കയുണ്ടായിരുന്നു . ഈ മുയൽകുട്ടൻമാരെ നല്ലവരാക്കാൻ പരിശ്രമിക്കുന്ന അമ്മിണികാക്ക . എന്നാൽ അമ്മിണി പറയുന്നത് ഒന്നും

കേൾക്കാതെ എപ്പോഴും അവളെ അവർ പരിഹസിച്ചുകൊണ്ടിരുന്നു . എന്നാലും അവൾ പിൻമാറാതെ അവരെ പിൻതുടർന്നുകൊണ്ടിരുന്നു . കാരണം ഈ കൂട്ടത്തിൽ നല്ല കാര്യങ്ങൾ മനസ്സിലാക്കി കൊടുത്താൽ നല്ല കുട്ടിയാകുന്ന കിട്ടുമുയലുണ്ടായിരുന്നു . എന്നാലും അമ്മിണിയുടെ പരിശ്രമങ്ങൾ നഷ്ടപ്പെടുത്തി കിട്ടുവിന്റെ മനസ്സു മാറ്റി

വീണ്ടും തെറ്റിലേക്കു നയിക്കുന്ന കൂട്ടുകാർ ഉണ്ടായിരുന്നു . കൂട്ടുകാർ പറഞ്ഞാൽ അതേപടി അനുസരിക്കുന്ന ആളാണ് കിട്ടു . അങ്ങനെ ഇരിക്കെ

ആ ഗ്രാമത്തിൽ ഒരു വലിയകാടുണ്ടായിരുന്നു .അവിടെ

കുറയെ കാട്ടുവാസികളായ മനുഷ്യന്റെ കെണികളും

ഇഴജന്തുക്കളുമൊക്കെയുള്ള കാടാണത് . വീട്ടുകാർ എപ്പോഴും കിട്ടുവിനെ നിർദ്ദേശിക്കുമായിരുന്നു .”നീ എവിടെ പോയാലും നീ ആ കാട്ടിൽ പോകരുത് .” എന്നാൽ കൂട്ടുകാർ അവനോട് പറഞ്ഞു "നീ അവർ

പറയുന്നത് കേൾക്കാൻ നിക്കരുത് ഒന്നുമില്ല .നല്ല നല്ല

കാഴ്ചകൾ കാണാം എന്തുരസമാണ് എന്ന് അറിയാമോ". ഞങ്ങൾ പോകുകയാണ് നീ വരുന്നുണ്ടോ . ഇത് കേട്ട് മാവിൻകൊമ്പത്തിരുന്ന അമ്മിണി പറഞ്ഞു "നിങ്ങളാരും പോകരുത് ഒരുപാട്

അപകടങ്ങൾ ഒളിഞ്ഞു കിടക്കുന്ന കാടാണ് മുതിർന്നവർ പറയുന്നത് അനുസരിക്കണം . അമ്മിണി പറഞ്ഞത് കേൾക്കാതെ അവളെ പരിഹസിച്ച

"പിന്നെ അപകടം ."കിട്ടു അവളെ പരിഹസിച്ചിട്ട് അവരോടൊപ്പം കാട്ടിലേക്ക് പോയി . നിരാശയായ അമ്മിണി പരുന്തിനെപ്പോലെ ഗ്രാമം വട്ടമിട്ട് പറന്നു . ഇങ്ങനെ ഇരിക്കെ കൂട്ടുകാരുമൊത്ത് കാട്ടിൽ പോയ കിട്ടു തൻെറ കാൽതെറ്റി പൊട്ടകിണറ്റിൽ വീണു . എന്നാൽ ഭാഗ്യവശാൽ കിണറ്റിൽ ചുറ്റി പടർന്നുകിടന്ന കാട്ടുവള്ളിയിൽ കാൽ ചുറ്റി കിടന്നു .

എന്നാൽ താൻ വീണതുകണ്ടിട്ടും തന്നെ തിരിഞ്ഞുനോക്കാൻ പോലും അവർ തയ്യാറാക്കാതെ ഓടി മറഞ്ഞു . ഉച്ചത്തിൽ അലറി അലറി കരയാൻ തുടങ്ങി . മാനത്ത് പറന്നുകൊണ്ടിരിക്കുന്ന അമ്മിണിയുടെ

കാതിൽ ആരോ കരയുന്ന ശബ്ദദം കേട്ടു . അവൾ ആ

കരച്ചിലിന്റെ ശബ്ദം പിൻതുടർന്നു നീങ്ങി . അപ്പോഴതാ

കിട്ടുവിൻെറ ഭയന്ന് ഓടുന്നു . "എന്തു പറ്റി? എന്താ ഭയന്ന് ഓടുന്നേ കിട്ടു എവിടെ? അമ്മിണി ചോദിച്ചു . എന്നാൽ ഒന്നിനും ഉത്തരം പറയാതെ അവർ ഓടി .

പിന്നെയും കരച്ചിൽ കാട്ടിൽ നിന്നുമാണ് കേൾക്കുന്നതെന്ന് മനസ്സിലാക്കിയ അവൾ പറന്ന് കാട്ടിലെത്തി . പക്ഷെ ഒന്നും കാണുന്നില്ല കരച്ചിൽ മാത്രം പിന്നെ നോക്കിയപ്പോഴതാ കിട്ടു ജീവനുവേണ്ടി

പിടഞ്ഞുക്കൊണ്ടിരിക്കുന്നു . അവൾ വേഗം പറന്നുകൊണ്ട്

അവിടെ മരച്ചുവട്ടിൽ വിശ്രമിച്ചുക്കൊണ്ടിരിക്കുന്ന മുയലുകളെ വിളിച്ചുകൊണ്ട് കിട്ടുവിനെ രക്ഷിച്ചു . കിട്ടു എല്ലാവരോടു നന്ദിയും ക്ഷമയും പറഞ്ഞു . എന്നിട്ടു അമ്മിണിയോട് പറഞ്ഞു "നന്ദിയുണ്ട് " . ഇത്രനാളും നീ

ഞങ്ങളുടെകൂടെ നടന്നിട്ടും നിന്നെ മനസ്സിലാക്കാൻ എനിക്ക് സാധിച്ചില്ല . എന്നാൽ ഞാൻ വിശ്വാസിക്കുന്ന എന്റെ കൂട്ടുകാർ എന്നെ

തിരിഞ്ഞുപോലും നോക്കിയില്ല . ഞാൻ ഇനി നല്ല കുട്ടിയായിക്കൊള്ളാം എന്നു പറഞ്ഞ് സന്തോഷത്തോടെ തന്റെ കൂട്ടുകാരുടെയും കൂടെ കിട്ടു അമ്മിണിയുമായി കളിച്ചു നടന്നു .

കെസിയ വി

9C

# ലേഖനങ്ങൾ



# ഡീഗോ അർമാൻഡോ മറഡോണ

ഒക്ടോബർ 30,1960 ബ്യൂണസ് അയേഴ്സ് എന്ന സ്ഥലത്ത് ജനിച്ച ആധുനിക ഫുടബോളിലെ ഏറ്റവും ശ്രദ്ധേയരായ കളിക്കാരിലൊരാളാണ്

ബ്യൂണസ് അയേഴസിൻെറ തെക്കൻ പ്രാന്ത പ്രദേശ-ത്തെ ചേരിയിൽ ഒരു ദാരിദ്ര കുടുബത്തിലായിരുന്നു മറഡോ-ണ ജനിച്ചത് മറഡോണയുടെ കുടുബം അർജൻറീനയിലെ കൊറിയൻസ് പ്രവിശ്യയിൽ നിന്ന് ബ്യൂണസ് അയേഴ്സിലേക്ക് കുടിയേറിയതായിരുന്നു അർജൻറീനയെ 1986 -ലെ ലോക കപ്പ് കിരീടത്തിലേക്ക് നയിച്ചതിൽ ശ്രദ്ധേയമായ പങ്കുവഹിച്ച ഇരുപതാം നൂറ്റാ....ിലെ മികച്ച ഫുട്ബോൾ കളിക്കാൻ എന്ന ഫിഫയുടെ ബഹുമതി പെലക്കൊപ്പം മറഡോണ പങ്കുവക്കുന്നു ഫുട്ബോളിൽ ആക്രമിക്കുന്ന മദ്ധ്യക്കാരൻ മുന്നേറ്റ നിരയിൽ കളിക്കുന്ന 1973 അർജൻറീനോസ് ജൂനിയേഴ്സിൽ കളിച്ചും അതി-നുശേഷം 1982 ൽ ബാഴ്സലോണയിലും 2008 അർജൻറീന റ്റീമിൽ കളിച്ച 1982 മുതൽ 1994 വരയുള്ള നാല് ലോകകപ്പ കളിൽ അർജൻറീനക്കുവേണ്ടി മറഡോണ കളിച്ചിട്ടുണ്ട് അതിൽ 1986 ലെ ലോകകപ്പാണ് ഏറ്റവും അവിസ്മരണീയ-

*മായത് മറഡോണയുടെ നായകത്വത്തിൽ കളിച്ച അർജൻറീന ടീം ഫൈനലിൽ പശ്ചിമ ജർമനിയെ പരാജയപ്പെടുത്തി ഈ ലോകകപ്പ് നേടുന്നകയും മികച്ച കളികാരനുള്ള ഗോൾഡൻ ബോൾ മറഡോണ സ്വന്തമാക്കുകയും ചെയ്തു....................*

***ആൽബിൻ – സി : 9a***



# എസ് . കെ .പൊറ്റക്കാട്

ടെലിവിഷൻ പ്രചാരത്തിൽ വരുന്നതിനു മുമ്പ് ലോകം എന്നാൽ ഭൂപടത്തിൽ കാണുന്നതിനപ്പുറം

ഭാവനയിൽ പോലും കാണുവാൻ കഴിയാതിരുന്ന

ഒരു കാലമുണ്ടായിരുന്നു . കപ്പൽ കയറി ലോക സഞ്ചാരം നടത്തുക ഏവർക്കും സാധ്യമല്ല .

അക്കാലത്തൊരാൾ മലയാള നാട്ടിൽനിന്ന് ലോകം

കാണുവാനിറങ്ങുകയും വൈവിധ്യമാർന്ന മാനവികതയെ

കുറിച്ചും അതിൽ താൻ കണ്ട ഏകതയെക്കുറിച്ചുമെല്ലാം

സവിസ്തരം എഴുതുകയും ചെയ്തിരുന്നു . 1949- ൽ കപ്പൽ മാർഗ്ഗം തൻെറ ആദ്യത്തെ വിദേശയാത്ര നടത്തിയ ആ മലയാളിയുടെ പേര് എസ് . കെ . പൊറ്റക്കാട്

എന്നായിരുന്നു .

ശങ്കരൻകുട്ടി കുഞ്ഞിരാമൻ പൊറ്റക്കാട് എന്ന

എസ് .കെ .പൊറ്റക്കാട് 1913 മാർച്ച്

14-ന് കോഴിക്കോട് ജനിച്ചു. പിതാവ്, കുഞ്ഞിരാമൻ, മാതാവ്, കിട്ടൂലി.

വിദ്യാഭ്യാസം പൂർത്തിയാക്കി ശേഷം

പൊറ്റക്കാട് 1939 വരെ ഗുജറാത്തി സ്കൂളിൽ അദ്ധ്യാപകനായി

ജോലി നോക്കി . 1939-ൽ ജോലി

രാജിവെച്ചത് ത്രിപുര കോൺഗ്രസ്സിൽ പങ്കെടുക്കാൻ വേണ്ടിയായിരുന്നു .

പിന്നീട് ബോംബയിൽ എത്തിയ

അദ്ദേഹം വിവിധ ജോലികളിൽ കുറെകാലം ഏർപ്പെട്ടു .

കാശ്മീരിലും മറ്റിടങ്ങളിലും യാത്രകൾ ചെയ്തു . 1949-ൽ ആദ്യ

വിദേശയാത്ര യൂറോപ്പ് , ആഫ്രിക്ക , അമേരിക്ക

ദക്ഷിണേഷ്യ പൂർവേഷ്യ എന്നിവിടങ്ങളിലെ മിക്ക

രാജ്യങ്ങളിലും എത്രയോ തവണ സഞ്ചരിക്കുകയും

അവിടത്തെ സാമാന്യ ജനങ്ങളുമായി ഇടപെടുകയും

ചെയ്തു . നേപ്പാൾ യാത്ര ,കാപ്പിരികളുടെ നാട്ടിൽ, ബൊഹീമിയൻ

ചിത്രങ്ങൾ, ബാലിദ്വീപ് എന്നിവ ഈ യാത്രകളുടെ ഫലമായി ലഭിച്ച സ

ഞ്ചാരകൃതികളാണ്

ആഗസ്റ്റ് 6-ന് അദ്ദേഹം അന്തരിച്ചു

സാനിയ

9A



# ഇന്ത്യ കണ്ട ദൈവം

1940 ഒക്ടോബർ 23 ന് ട്രെസ് കൊറാസ് എന്ന കൊച്ചു പട്ടണത്തിൽ ജനിച്ചു. പെലെയുടെ യഥാർത്ഥ നാമം എഡ്സൺ ആരാന്റസ് ഡോ നാസിമന്റോ എന്നാണ്. ഡീക്കോ എന്നാണ് ചെല്ലപ്പേര്. കളിക്കളത്തിൽനിന്ന് ചാർത്തിക്കിട്ടിയ പേരാണ് പെലെ. ദാരിദ്ര്യമായിരുന്നു പ്രശ്നം. പിതാവ് ഡോണ്ടിഞ്ഞോ പരാജയപ്പെട്ട ഒരു കളിക്കാരനായിരുന്നു. കളിച്ചു കിട്ടുന്ന ചെറിയ തുകയായിരുന്നു കുടുമ്പത്തിന്റെ ഏക വരുമാനം. ബാറുവിലെ ഇടുങ്ങിയ തെരുവുകളിൽ പഴയ കാലുറകളിൽ തുന്നിനിറച്ചുണ്ടാക്കിയ പന്തുകൊണ്ടാണ് പെലെയും കൂട്ടരും കളിച്ചുതുടങ്ങിയത്.

അച്ഛൻ കളിക്കുന്ന ബാറു അത്ലറ്റിക് ക്ലബിന്റെ ജൂനിയർ ടീമിൽ പെലെ അംഗമായി. ബ്രസീലിന്റെ ലോകകപ്പ് ടീമിൽ അംഗമായിരുന്ന വ്ളാഡമെൻഡെ ബ്രിട്ടോ ടീമിന്റെ പരിശീലകനായി എത്തിയത് അക്കാലത്താണ്. പന്തുകളിയിലെ ഒരു മുത്താണ് പെലെ എന്നു കണ്ടെത്തിയത് അദ്ദേഹമായിരുന്നു. ക്ലബുകൾ തമ്മിലുള്ള മൽസരങ്ങളിൽ വിലയേറിയ താരമായി അവൻ മാറി. 1958-ൽ ബ്രസീലിന്റെ ദേശീയ ടീമിലേക്കു പെലെ തെരഞ്ഞെടുക്കപ്പെട്ടു.

പിന്നീടു നടന്ന മത്സരത്തിൽ ആ പതിനേഴുകാരൻ ഗോൾ മഴ പെയ്യിച്ചു. ആ ലോകകപ്പിൽ ബ്രസീൽ ചാമ്പ്യന്മാരായി. തുടർന്നു 1962 ലും 1970 ലും ബ്രസീൽ

ലോകകപ്പിൽ മുത്തമിടുമ്പോൾ പെലെയുടെ കാലുകളുടെ മാന്ത്രികശക്തിയായിരുന്ന അവരുടെ കരുത്ത്.

ബ്രസീലിലെ ജനങ്ങൾ പെലെയെ ദൈവതുല്യം ആരാധിച്ചു. ഒരു ഫുട്ബോൾ താരത്തിന് സ്വപ്നം കാണാവുന്ന ഉയരങ്ങളെല്ലാം പെലെയ്ക്കു സ്വന്തം. 1360 മത്സരങ്ങളിൽ നിന്നായി 1280 ഗോളുകൾ, 92 ഹാട്രിക്കുകൾ, മറ്റാർക്കും മറിക്കടക്കാനാവാത്ത റെക്കോഡുകൾ. ഗ്രൗണ്ടിനോട് വിട പറഞ്ഞ പെലെയെ ബ്രസീലുകാർ അവരുടെ സ്പോർട്സ് മന്ത്രിയാക്കി.

അനീഷ.ബി

9.B



# സുഗതകുമാരി

സുഗതകുമാരി മലയാളത്തിലെ പ്രശസ്തയായ കവയിത്രിയും കേരത്തിൻെറ പ്രശ്നങ്ങളിൽ ശ്രദ്ധാലുവായ സാമൂഹിക, പാരിസ്ഥിതിക പ്രവർത്തകയുമാണ്.1934 ജനുവരി 3 ന് തിരുവനന്തപുരത്ത് ജനിച്ചു .മാതാവ് : വി.കെ.കാർത്യാനി അമ്മ. പിതാവ്: സ്വാത്ര്യസമരസേനാനിയും കവിയുമയിരുന്ന ബോധേശ്വരൻ . തത്ത്വശാസ്ത്രത്തിൽ എം.എ ബിരുദം നേടിയിട്ടുണ്ട് . സൈലൻ്റ വാലി പ്രക്ഷോഭത്തിൽ സുഗതകുമാരി വലിയ പങ്കു

വഹിച്ചു . അഭയഗ്രാമം , അഗതികളായ സ്ത്രീകൾക്കുവേണ്ടി അത്താണി എന്ന ഭവനം, മാനസികരോകികൾക്കുവേണ്ടി പരിചരണാലയം എന്നിങ്ങനെ കേരളത്തിൻെറ സാമൂഹിക രംഗത്ത് സുഗതകുമാരിയുടെ സംഭാവനകൾ പലതാണ്.

സംസ്ഥാന  വനിതാ  കമ്മീഷന്റെ അദ്ധ്യക്ഷൻ  ആയിരുന്നു.  സ്ത്രീകളുടെ

പ്രശ്നങ്ങൾ  പരിഹരിക്കുന്നതിനു സുഗതകുമാരി  അശ്രാന്തം പരിശ്രമിക്കുന്നു.

സാഹിത്യത്തിലെ  സമഗ്ര സംഭാനകൾക്ക്

നൻകുന്ന എഴുത്തച്ഛൻ പുരസ്കാരത്തിന് 2009-ൽ  അർഹയായിട്ടുണ്ട്. തിരുവന-

പുരം  ജവഹർ  ബാലഭവന്റെ  പ്രിൻസിപ്പ-

ലായിരുന്നു . തളിർ  എന്ന മാസികയുടെ

പത്രാധിപയായിരുന്നു  പ്രകൃതിസംരക്ഷണ

സമിതിയുടെയും  അഭയയുടെയും  സ്ഥാപക

സെക്രട്ടറി. സാമൂഹിക  സേവനത്തിനുള്ള

ലക്ഷ്മി  അവാർഡ്  ലഭിച്ചിട്ടുണ്ട് . ഭർത്താവ്;ഡോ . കെ . അദ്ധ്യാപികയും

വിദ്യാഭ്യാസ  വിദഗ്ദ്ധയുമായ  ഹൃദയകുമാരി

സഹോദരിയാണ്

സാനിയ  9A




# മെസ്സി എന്ന മാന്ത്രികൻ

മെസ്സി എന്ന ഒരു ഇതിഹാസ താരം. അർജന്റീനാ നാഷനൽ ഫുട്ബോൾ ടീമിന്റെ ക്യാപ്റ്റൻ. സ്പാനിഷ് പ്രീമിയർ ലീഗിലെ എഫ്.സി.ബാർസലോണയുടെ ക്യാപ്റ്റൻ. ഫുട്ബോളിന്റെ ദൈവം. ഡിഗോ മറഡോണയുടെ പിൻഗാമി എന്ന് അദ്ദേഹം വിശേഷിപ്പിച്ച ഏക ഫുട്ബോളർ. അർജന്റീനക്കാരുടെ മിശിഹാ. നമ്മുടെയെല്ലാം സ്വന്തം മെസ്സി. 1957 ൽ ജൂൺ 24 ന് ഒരു സ്റ്റീൻ ഫാക്ടറി തൊഴിലാളിയായിരുന്ന ജോർജ്ജ് ഹൊറാസിയോ മെസ്സിയുടേയും സെലിയ

മരിയ എന്ന ഉപ്പ്കാരിയുടെയും മകനായ മെസ്സി അർജന്റീനയിലെ ഹൊസാരിയോ എന്ന നഗരത്തിൽ നിന്നും കുടിയേറി പാർത്തതാണ് മെസ്സിയുടെ പൂർവികനായ എയ്ഞ്ചലോ മെസ്സി. മെസ്സിക്ക് റോഡ്രിഗൊ എന്നും മാത്യൂസ് എന്നും രണ്ടു ജ്യേഷ്ഠന്മാരുണ്ട്. കൂടാതെ മരിയ സോൽ എന്ന അനുജത്തിയുമുണ്ടായിരുന്നു. മെസ്സി കൊച്ചിലേ കളിച്ചു തുടങ്ങി. അഞ്ചാം വയസ്സിൽ തന്റെ അച്ഛൻ പരിശീലിപ്പിച്ചിരുന്ന ഒരു പ്രാദേശിക ക്ലബ്ബായ റാന്റൊ റിച്ചയിൽ മെസ്സി ഫുട്ബോൾ കളിക്കാൻ തുടങ്ങി. 1995 ൽ പ്രാദേശിക പട്ടണമായ ഹൊസാരിയോയിലെ ക്ലബ്ബായ നവേയ്സൽ ഓൾ ബോയ്സിൽ ചേർന്നു. 11-ാം വയസ്സിലാണ് അദ്ദേഹത്തിന്റെ വളർച്ചയ്ക്കാവശ്യമായിട്ടുള്ള ഹോർമോണിക്കൽ ഗ്രൂ തിരിച്ചറിയപ്പെട്ടത്. അർജന്റീനയിലെ ഒരു പ്രമുഖ ക്ലബ്ബായ ലിവർ പ്ലൂളിന് മെസ്സിയുടെ കഴിവിൽനല്ല വിശ്വാസമുണ്ടായിരുന്നു. എന്നാൽ മാസം തോറും 900 ഡോളർ ചെലവാക്കി അദ്ദേഹത്തെ ചികിൽസിക്കാൻ കുടുംബത്തിനു കഴിയുമായിരുന്നില്ല. എന്നാൽ ബാർസലോണയുടെ സ്പോട്ടിങ്ങ് കൺട്രോളറായ കാർലസ്സ് റെക്സാർച്ചിന് അദ്ദേഹത്തിന്റെ കഴിവിനെപ്പറ്റി നല്ല ബോധ്യമായിരുന്നു. മെസ്സിയുടെ ബന്ധുക്കൾ സ്പെയിനിലെ ലോണിയയിലെ ലേഡിയയിൽ ഉണ്ടായിരുന്നു. മെസ്സിയുടെ കളി നിരീക്ഷിച്ചതിനു ശേഷം അദ്ദേഹം ബാർസലോണയുമായി കരാർ ഒപ്പിട്ടു. അദ്ദേഹം സ്പെയിനിലേക്കു മാറി താമസിച്ചാൽ അദ്ദേഹത്തിന്റെ ചികിൽസയുടെ പണം ക്ലബ് ഏറ്റെടുത്തുകൊള്ളാം എന്ന് അവർ പറഞ്ഞു. ഇതനുസരിച്ച് അവർ യൂറോപ്പിലേക്ക് മാറി താമസിക്കുകയും മെസ്സി ബാർസലോണയുടെ യൂത്ത് ടീമിൽ കളിച്ചുതുടങ്ങുകയും ചെയ്തു. അദ്ദേഹത്തിന്റെ 16 ാം വയസ്സിൽ 2003 നവമ്പർ 13 ന് പോർട്ടേയുമായുള്ള സൗഹൃദമൽസരത്തിലൂടെ മെസ്സി തന്റെ ആദ്യത്തെ ഔദ്യോഗികമൽസരം കളിച്ചു. 2004 ഒക്ടോബർ 14 ന്

അദ്ദേഹത്തിന്റെ 14-ാം വയസ്സിലാണ് ആദ്യ ലീഗുമൽസരം കളിച്ചത്. എസവാനിയോക്കെതിരെ ആയിരുന്ന ആ മൽസരം. ആ മൽസരത്തോടെ ബാർസലോണയ്ക്കുവേണ്ടികളിക്കാൻ തുടങ്ങിയ ഏറ്റവും പ്രായം കുറഞ്ഞവരിൽ മൂന്നാമത്തെ കളിക്കാരനും ലാലിഗായ്ക്കുവേണ്ടി കളിക്കുന്ന ഏറ്റവും പ്രായം കുറഞ്ഞ കളിക്കാരനുമായി മെസ്സി. ഒരു ഇന്റർവ്യൂയിൽ അദ്ദേഹത്തിന്റെ മുൻകോച്ച് ഫ്രാങ്ക് റിച്ചാർഡിനെക്കുറിച്ച് അദ്ദേഹം ഇങ്ങനെ പറഞ്ഞു:അദ്ദേഹമാണ് എന്റെ കളി ജീവിതം തുടങ്ങിവച്ചത് എന്ന വ്യവ്യസ്ഥ ഞാൻ ഒരിക്കലും മറക്കില്ല. എന്റെ 16 ഉം 17 ഉംവയസ്സിൽ എനിക്ക് അദ്ദേഹത്തെ വിശ്വാസമുണ്ടായിരുന്നരു. 2004 ജൂണിൽ

പനാമയ്ക്കെതിരെനടന്ന മത്സരത്തിലാണ് അർജന്റീന നാഷനൽ ടീമിനുവേണ്ടിയുള്ള മെസ്സിയുടെ ആദ്യ കളി. 2005 ലെ ഫിഫ വേൾഡ് ചാമ്പ്യൻഷിപ്പിൽ മെസ്സിയായിരുന്ന കൂടുതൽ ഗോളുകൾ നേടിയത്. ഫൈനലിൽ നേടിയ രണ്ട് ഗോളുകളോടൊപ്പം 6 ഗോളുകളായിരുന്ന അദ്ദേഹത്തിന്റെ ആ വർഷത്തെ സമ്പാദ്യം. അതിനുശേഷം അർജന്റീന ടീമിലെ തുടർകളിക്കാരനായി. ഫിഫ വേൾഡിൽ കളിക്കുന്ന ഏറ്റവും പ്രായം

കുറഞ്ഞ ആളായിരുന്ന മെസ്സി. 2007 ലെ കോപ്പാമേരിക്കയിലെ രണ്ടാം സ്ഥാനക്കാരനുള്ള പുരസ്കാരം അദ്ദേഹത്തിനു ലഭിച്ചു. 2006-2007 സീസണുകളിലാണ് അദ്ദേഹം മികച്ച പ്രകടനം കാഴ്ച്ചവെച്ചത്. ഒരു ക്ലാസ്സിക് മത്സരത്തിൽ ഹാട്രിക്ക് അടക്കം 26 മത്സരങ്ങളിൽ 14 ഗോളികൾ നേടി. 2008-2009 സീസണുകളിൽ അദ്ദേഹം 38 ഗോളുകൾ നേടി. ആ സീസണിൽ ബാർസലോണ മൂന്ന കിരീടങ്ങൾ നേടിയപ്പോൾ ആ ടീമിന്റെ കരുത്ത് മെസ്സി ആയിരുന്നു. 2009-2010 സീസണുകളിൽ അദ്ദേഹം എല്ലാ മൽസരങ്ങളിൽനിന്നും 47 ഗോളുകൾ നേടിയിരുന്നു. ബാർസലോണയ്ക്കായി ഒരു സീസണിൽ ഏറ്റവും കൂടുതൽ ഗോളുകൾ നേടിയതിനുള്ള പുരസ്കാരം റൊണാൾഡോയ്ക്കൊപ്പം

പങ്കുചേരുകയും ചെയ്തു. 2007-ൽ പാവപ്പെട്ട കളിക്കാരുടെ ആരോഗ്യവും വിദ്യാഭ്യാസവും വളർത്താൻ അദ്ദേഹം ലിയോ മെസ്സി ഫൗണ്ടേഷൻ എന്ന സംഘടന രൂപീകരിക്കുകയും ചെയ്തു. ആരാധകർ നടത്തിയ ഒരു ഫംഗ്ഷനിൽ അദ്ദേഹം ഇങ്ങനെ പറഞ്ഞു; ഒരൽപം പാവപ്പെട്ടവരെ സഹായിക്കാനുള്ള അവകാശം എനിക്കു ലഭിച്ചു. പ്രത്യേകിച്ചും കുട്ടികളെ. കുട്ടിക്കാലത്ത് മെസ്സിക്കും ആരോഗ്യപ്രശ്നം ഉണ്ടായിരുന്നതിനാൽ; പരിശോധിക്കുകയും ചികിൽസ ആവശ്യമുള്ളവരെ സ്പെയിനിലേക്കയക്കുകയും ചെയ്തു. ചികിൽസാചെലവും യാത്രാച്ചെലവും ഫൗണ്ടേഷൻ തന്നെയാണു നോക്കുന്നത്. ഇന്നു തന്റെ തലമുറയിലെ ഏറ്റവും വലിയ കളിക്കാരനായി ലോകം അദ്ദേഹത്തെ ആദരിച്ചു. 21-ാം വയസ്സിൽ അദ്ദേഹം യൂറോപ്യൻ ഫുഡ്ബോളിലെയും ഫിഫാ വേൾഡ് ഫുഡ്ബോൾ ലീഗിലെയും പുരസ്കാരങ്ങൾ നാമനിർദ്ദേശം ചെയ്യപ്പെട്ടു. 22-ാം വയസ്സിൽ അദ്ദേഹം ഈ രണ്ടു പുരസ്കാരങ്ങളും ഏറ്റുവാങ്ങി. മെസ്സി പിറന്നതു ഫുഡ്ബോൾ കളിക്കാനാണെന്നു അദ്ദേഹം മനസ്സിലാക്കി. അതാണയാളുടെ തൊഴിൽ. അതിനപ്പുറത്തേക്ക് അയാൾ സഞ്ചരിക്കാറില്ല. 14 വർഷത്തെ ഒരു ഫുഡ്ബോളുകാരന്റെ പരിഗണന സ്വീകരിച്ചുകഴിഞ്ഞു. എന്നാൽ ഇതു മെസ്സിയാണ്. കണ്ടതിലപ്പുറമാണ് ഇനി കാണാൻ പോകുന്നത് എന്ന ആശയം മുന്നോട്ടു വച്ചുകൊണ്ട് കളിക്കളത്തിലെ ഒരു ഇതിഹാസതാരമായി അദ്ദേഹം ഇപ്പോഴും ജീവിക്കുന്നു,ആ മെസ്സി എന്ന ഒരു ഇതിഹാസ താരം.

ബെൻസി.ബി

9.C

# എന്റെ മാതൃഭാഷ




*"മറ്റുള്ള  ഭാഷകൾ കേവലം  ധാത്രിമാർ*

*മർത്യന്നു പെറ്റമ്മ തൻ ഭാഷ താൻ"*

ശബ്ദമാധുരിയുടെ ഉത്തുംഗ ശൃംഗത്തിൽ നിന്നു കൊണ്ട്  നമ്മുടെ കൊച്ചു കേരളത്തിന്റെ മഹാകവി വള്ളത്തോൾ നാരായണമേനോൻ  ഇങ്ങനെ പാടി . പോറ്റമ്മമരായ  മറ്റു ഭാഷകൾക്കു  നടുവിൽ  പെറ്റമ്മയുടെ സ്നേഹം അലങ്കരിക്കുന്നത് മാതൃഭാഷയാണ് . നമ്മുടെ മാതൃഭാഷയായ മലയാളത്തിന്റെ സൗന്ദര്യവും  ലാളിത്യവും വർണനാതീതം തന്നെ. മലയാള  ഭാഷയുടെ മാദകഭംഗിയെക്കുറിച്ചും  ലാവണ്യത്തെക്കുറച്ചും കവികൾ  വർണിച്ചിട്ടുണ്ട്.

മനുഷ്യന്റെ വിചാരങ്ങളും വികാരങ്ങളും ഫലപ്രദമായി വിനിമയം ചെയ്യാൻ അവലംബിക്കുന്ന മാധ്യമമാണ് ഭാഷ. മലയും ആളവും അഥവാ സമുദ്രവും ആലിംഗനം ചെയ്തു കുടികൊള്ളുന്ന നമ്മുടെ കൊച്ചു കേരളത്തിനു മലയാളഭാഷയെക്കാൾ ഉചിതമായി മറ്റെന്തുണ്ട് ? മൂന്നു കോടിയിലധികം ജനങ്ങൾ അനായാസം കൈകാര്യം ചെയ്യുന്ന ഈ ഭാഷ, അന്യഭാഷക്കാരെ ആകർഷിക്കുന്നതിൽ തെറ്റൊന്നുമില്ല. ആദിദ്രാവിഡഭാഷകളായ സംസ്ക്രിതത്തിന്റെയും തമിഴിന്റെയും സ്വാധീനം, മലയാളത്തെ ശുദ്ധീകരിച്ചു. തുഞ്ചത്തെഴുത്തച്ഛന്റെ രാമായണം പാടിയ ശാരികപൈതലും കവിത്രയങ്ങളും മഹാകവിയും, അങ്ങനെ അനേകം മഹാന്മാർ നെഞ്ചേറ്റി ലാളിച്ച എന്റെ മാതൃ ഭാഷ കുലീനം തന്നെ

മറ്റു ഭാഷകളെയും സംസ്കാരങ്ങളെയും മനസ്സിലാക്കുന്നതും അവയെ സ്വായത്തമാക്കുന്നതും നല്ലതുതന്നെ. എന്നാൽ,ഇതര ഭാഷ സ്നേഹം മൂലം. നമ്മുടെ മാതൃഭാഷയെ അവഗണിക്കുന്നത് തെറ്റുതന്നെയാണ്. കലാ സാഹിത്യ രംഗങ്ങളിൽ അമൂല്യങ്ങളായ രത്നങ്ങളും സമ്പാദിച്ചിട്ടുള്ള കേരളഭാഷയുടെ അടിത്തട്ടിൽ ഇപ്പോഴും എണ്ണിയാലൊടുങ്ങാത്ത നിധികൾ ഒളിഞ്ഞുകിടക്കുന്നു. അതിന്റെ മാധുര്യം നുണയാനും കൈരളിയുടെ പുതിയ തലമുറക്കു കഴിയണം

NIRANJANA.C

9:A



# ഒരു നല്ല പരിസ്ഥിതിയ്ക്കും ആരോഗ്യത്തിനും വേണ്ടി ഇന്ധനത്തെ സൂക്ഷിക്കുക

പ്രകൃതി ദൈവത്തിന്റെ വരദാനമാണ്. മനുഷ്യനാവശ്യമായതെന്തും പ്രകൃതിയിൽ ലഭ്യമാണ്.ആധുനികകാലഘട്ടം ആർഭാടജീവിതത്തിനുവേണ്ടി അവർ പ്രകൃതിയെ നശിപ്പിച്ചുകൊണ്ടിരിക്കുന്നു. അതിൽപെടുന്നതാണ് അമിതമായ ഇന്ധനച്ചെലവ്. ആധുനികയുഗത്തിൽ വാഹനങ്ങൾ ഇല്ലാത്തവർ

ച്ചുരുക്കം. അതുകൊണ്ടുതന്നെ ഇന്ധനത്തിന്റെ ഉപയോഗം കൂടുകയാണ്. കൂടാതെ ദൈനംദിനം അതു കൂടിക്കൊണ്ടിരിക്കുന്നു. ഇങ്ങനെ അമിതമായ ഇന്ധന ഉപയോഗം നമ്മുടെ ആരോഗ്യത്തെയും പരിസ്ഥിതിയെയും ഒരുപോലെ ബാധിക്കുന്നു. വാഹനങ്ങളിൽ മാത്രമല്ല , പല ഫാക്ടറികളിലും ഇന്ധനങ്ങൾ ഉപയോഗിക്കുന്നു. ഇങ്ങനെ തുടർച്ചയായ ഇന്ധന ഉപയോഗം മനുഷ്യനെയും പ്രകൃതിയെയും നാശത്തിൽ മാത്രമേ കൊണ്ടെത്തിക്കുകയുള്ളൂ. വാഹനങ്ങളിൽ നിന്നു പുറന്തള്ളപ്പെടുന്ന കാർബൺ മോണോക്സൈഡ് പോലെയുള്ള വിഷവായു മനുഷ്യനെയും മറ്റു ജീവജാലങ്ങളെയും ബാധിക്കും. കൂടാതെ ഇത് അന്തരീക്ഷത്തിൽ കലർന്ന് ഓസോൺപാളിയെ നശിപ്പിയ്ക്കും. ഇതുമൂലം സൂര്യനിൽനിന്നു വരുന്ന അപകടകാരിയായ അൾട്രാവൈലറ്റ്, ഇൻഫ്രാറെഡ് പോലെയുള്ള രശ്മികൾ ഭൂമിയിലേക്കു പതിക്കുകയും അതു ചർമ്മാർബുദത്തിനു കാരണമാവുകയും ചെയ്യും. ഇതു പ്രകൃതിയിലുള്ള സർവ്വജീവജാലങ്ങളുടെയും നാശത്തിനു കാരണമാവുകയും ചെയ്യും. ഇങ്ങനെ സംഭവിച്ചാൽ ഭൂമിയിൽ മഴ ഇല്ലാതാകുകയും ഭൂമിയിലുള്ള സകല ജലസ്രോതസുകളും വറ്റിവരളുകയും ചെയ്യും. അങ്ങനെ വന്നാൽ ഇവിടെ ഒരു ജീവൻപോലും അവശേഷിക്കുകയില്ല. അതുകൊണ്ടുതന്നെ ഇന്ധന ഉപയോഗം കൊണ്ടു വായുമലിനീകരണം ഉണ്ടാവുമെന്നതു തീർച്ച. അതുകൊണ്ടു നാമും അതിന്റെ ഉപയോഗം കുറയ്ക്കണം. ഈ പ്രകൃതിയെ പുതുതലമുറയിലെ നെട്ടംള്ളുണകളാണ് നശിപ്പിക്കുന്നത് എന്ന് അവർ ചിന്തിക്കുന്നില്ല എന്നു സാരം.

നിഹാൽ നിഹാസ്

9B

# പലവക



# അനുഭവ യാഥാർത്ഥ്യങ്ങൾ

എന്റെ ജീവിതത്തിലെ ഒരു മികച്ച അനുഭവമായിരുന്ന ഐ. എസ്. ആർ. ഒ ചെയർമാൻ സി.ക്രിസ്റ്റഫർ അവർഗളുമായുള്ള കൂടിക്കാഴ്ച. ഒരു ചൊവാഴ്ച്ച പെട്ടെന്ന് ഹെഡ്മാസ്റ്റർ എന്നെ വിളിച്ച് പറഞ്ഞു. 'പ്രതിഭക്കൊപ്പം' എന്ന പരിപാടിയുമായി ബന്ധപ്പെട്ട് സ്കൂളിനടുത്തുള്ള ഏതെങ്കിലും പ്രതിഭയെ

കാണണം. അങ്ങനെ ഇരുപത് സുഹൃത്തുക്കളുമായി ഞങ്ങൾ പ്രതിഭയെ കാണാൻ പോയി. ഒരു മനോഹരമായ നിമിഷമായിരുന്നു അത്. കുറച്ചൊക്കെ ഭയമുണ്ടായിരുന്നുവെങ്കിലും അദ്ദേഹത്തെ കണ്ടു കഴിഞ്ഞപ്പോൾ എവിടുന്നോക്കയോ ഒരു ചെറിയ ആഹ്ലാദം, ഉന്മേഷംപൊട്ടിമുളക്കുകയായിരുന്നു.അദ്ദേഹത്തെ കണ്ടപ്പോൾ ആദ്യം കുറച്ചൊക്കെ ഭയന്നെങ്കിലും പിന്നീട് അദ്ദേഹത്തിന്റെ വാക്കുകൾ ഞങ്ങളെ സന്തോഷവാൻമാരാക്കി അദ്ദേഹം ആദ്യം തന്നെ ഞങ്ങളോട് പറഞ്ഞത്

എന്റെ ഏറ്റവും വലിയ പ്രോത്സാഹനം അമ്മആയിരുന്നു താങ്കൾ ഏറ്റവും കൂടുതൽ ഇഷ്ട്പ്പെട്ടമുഹൂർത്തം തന്റെ ഐ.എസ്. ആർ .ഓ ജീവിതത്തിൽതാൻ ഏറ്റവും ഇഷ്ട്പ്പെട്ട മുഹൂർത്തം താൻ അത് ഏതാണ് ?

ഈ ചോദ്യത്തിന് അദ്ദേഹം തന്ന ഉത്തരം ഇതായിരുന്നു

എന്നെ സ്പർശിച്ച ഒരനുഭവം എന്നത് നാല് ലക്ഷം ദൂരത്തിൽ ഓർബിറ്റർ നിന്ന ആ ദിവസം ആണ് .പഠിക്കുന്ന കാലം മുതൽ വിക്രം സാരാ ബായ് സ്പെയ്സ് റിസർച്ച് സെന്റർ ജോലി ചെയ്യണമെന്ന ആഗ്രഹം ഇന്ന് അദ്ദേഹം പൂർത്തികരിച്ച തന്റെ ജീവിതകഥ ഞങ്ങൾക്ക് മുന്നിൽ അഴിച്ചു വച്ചു.

സൈന നാസിം

8c




## പഴഞ്ചൊല്ലുകൾ

* അല്പ ജ്ഞാനം ആപത്ത്
* അലസ്സൻെറ തല പിശാചിൻെറപണിപ്പുര
* അങ്ങാടിയിൽ തോറ്റതിന് അമ്മയോട്
* അറിവാണ് ശക്തി
* അവസരം സൃഷ്ടിയുടെ മാതാവാണ്
* അസൂയക്കും കഷണ്ടിക്കും മരുന്നില്ല
* അടി തെറ്റിയാൽ ആനയും വീഴും
* അണ്ണാൻ കുഞ്ഞും തന്നാലായത്
* അതികമായാൽ അമൃതും വിശം
* അരിയെറിഞ്ഞാൽ ആയിരം കാക്ക
* അൽപന് അർത്ഥം കിട്ടിയാൽ അർദ്ധ രാത്രിയും കുടപിടിക്കും
* അളലുട്ടിയാൽ ചേരയും കടിക്കും
* അടുപ്പമേറിയാൽ മടുപ്പു കൂടും
* അത്താഴമുണ്ടാൽ അരക്കാതം നടക്കണം

* അമ്മയെത്തച്ചാലും രണ്ടു പക്ഷം

* അച്ചിക്ക് കൊഞ്ച് പക്ഷം നായർക്ക് ഇഞ്ചി പക്ഷം

## കടം കഥകൾ

* കാലുകളില്ലെങ്കിലും നാടാകെ ഓടും?

  മേഘം

* കറുത്ത പാറയ്ക്ക് നാലു തൂൺ?

  ആന

* പാൽകിണ്ണത്തിൽ പളുങ്കുമണി?

  കണ്ണ്

* വടിയെടുത്താൽ പായും കാള?

  വള്ളം




# കുസൃതി ചോദ്യങ്ങൾ?

* പൂച്ച എന്തുകൊണ്ടാണ് പാൽ കുടിക്കുന്നത്?

നാക്കുകൊണ്ട്.

* കല്ലെടുത്തെറിയുമ്പോൾ പട്ടി ഓടുന്നതെന്തുകൊണ്ട്?

കാലുകൊണ്ട്.

*ലോകത്തിലെ ഏറ്റവും വഴവഴപ്പുള്ള രാജ്യം?

ഗ്രീസ്

*ലോകത്തിലെ ഏറ്റവും വലിയ ആമ ഏത്?

മദാമ്മ

*ബ്രിട്ടീഷുകാർ ഇന്ത്യയിൽ നിന്ന് പിൻവാങ്ങിയതെന്തു-
കൊണ്ട്?

അവരുടെ നാട്ടിൽ പിന്നില്ലാത്തതുകൊണ്ട്

*ആളുകൾ ആഗ്രഹിക്കാത്ത പണം?

ആരോപണം

*തലയിൽ കാലുവച്ചു നടക്കുന്ന ജീവി?

പേൻ

*നട്ടാൽ മുളക്കാത്ത പയർ?

അംപയർ

*താമസിക്കാൻ പറ്റാത്ത വീട്?

ചീവീട്

*സർക്കാർ ജീവനക്കാർക്ക് ഏറ്റവും ഇഷ്ടപ്പെട്ട ദിവസം ഏത്?

അവധി ദിവസം

*ആവശ്യമുള്ളപ്പോൾ വലിച്ചെറിയും ആവശ്യമില്ലാത്ത-
പ്പോൾ സൂക്ഷിച്ചു വയ്ക്കും?

മീൻവല

*എനിക്ക് ആറ് അക്ഷരമുണ്ട് ഞാൻ ലോകത്തെ രക്ഷിക്കും അതിൽ രണ്ടക്ഷരം പോയാൽ ഞാൻ തലയിൽ

കൂടെ ഓടും അതിൽ ഒരെണ്ണം മാറ്റിയാൽ ഞാൻ ലോകത്തെ തണുപ്പിക്കും എങ്കിൽ ഞാൻ ആര്?

പോലീസ്

NIRANJANA

9A



# FRIENDSHIP

THE WORD FRIEND MEANS:

F-FOREVER

R-REJOICE

I-INSPIRATION

E-ENTHUSIASM

N-NEVER ENDING

D-DEPENDABLE

*Friendship is an unbreakable bond between many hearts which are ready to sacrifice for each other. Friendship is a true gift from god. Without friends we cannot enjoy the beauty of life. Every moment with our friends gives us happiness. Good friends are like stars. The life appears to be gloomy in the absence of good friends. We should be very careful while selecting our friends. A true friend is one who will be with us in our good*

*days as well as in our bad days. True friends are like treasures. "An enemy is better than a false friends". We should not cheat our friends. Friends have an everlasting influence on us. It is because we spend most of our time with our friends. A true friend should be a guide, partner and a motivator who shares sorrows and happiness. True friendship never ends. Friends make our life more colourful and beautiful. We can tell our friends our sorrows, tensions, happiness and anything which we haven't spoken to our parents. Love between lovers may have ends but friendship never ends. Friendship is a medicine which cures the pains of heart.*

*OLIVIYA.A*
*9:B*




## MOTHERTERESA

M -MOTHER OF THE POOR

O -OCEAN OF LOVE

T -TREATED EVERYONE AS EQUAL

H -HIGHLY INSPIRATION

E -ENTHUSIASTIC IN THE WORK

R -RELIEVER OF RAIN

T -TOUCH WITH LOVE

E -ENCOURAGE THE DISCOURAGED

R -RESPECTED OTHERS AND RESPECTED BY ALL


E -EQUALLY TOUCHED BY MAN AND GOD

S -SERVED THE OTHERS WITH LOVE

A -AFFECTIONATE MOTHER TO ALL

HIBINU MUHAMMAD 9:B

# A GOOD STUDENT




A – ALWAYS LIKED BY THE TEACHER

G – GREETS EVERY ONE WITH A SMILE

O – OBEY TEACHER AND PARENTS

O – ON TIME IN SCHOOL

D – DRESSES NEATLY

S – STUDIES WITH INTEREST

T – TREATS EVERYONE WITH LOVE

U – UNDERSTANDS EVERY ONES

D - DOES DAILY HOME WORK

E - EAGER TO LEARN NEW THINGS

N - NEVER HURTS EVERYONE

T - TALK LESS AND WORK MORE

ANANDHU.JS

9:B

# Hard work and success

We see some people achieving success. What do we usually think of them? Yes, we think that they are luckier than us. But it may not always be true. It is true that we need some luck in life. But, most important think we need to have is the ability to work hard. If you work hard with determination, you can succeed.

Suppose you are going to climb a mountain how will you react the top? It is a slow process you move step by step till the end success is also like this. You have to do little by little. But you should not stop doing in the middle. Nothing can be achieved in a very short time. We should have the patience to work hard and wait.

Let as consider the example of a building. You know that it not constructed in a day it takes many months or years to construct. The journey to success also is possible only through such steps some works are difficult to do. Through difficult, we should not give them up if we are ready to work hard with a plan, it can be possible.

There are some people who want to achieve great things but lack of hard work stops them from it Time is also a very important thing. Here we should learn to utilize the available time is properly. So friends let us try to be successful through hard work

NIRANJANA.C,ALEENA.W

# Ten principals to make you mature

*keep life simple

*keep your body health

*learn to like work

*have a good hobby

*learn to be satisfied

*like people and join hands with them

*make the present moment a success

*learn from experience

*free your mind from unnecessary worries

*Have a life based on certain principals

Ten principals for leaders

*Avoid unnecessary complaints

*Give honest and sincere appreciation

*make the companions feel important

*Become genuinely interested in other people

*Learn to smile where ever possible

*call others by their names

*Be a good listener encourage others to talk themselves

*Talk in terms of other man's interest

*Remember that actions speak louder than words

*Don't try to imitate anyone but have your  own identity

Greeshma.j

9.B

# ആനി കടവൂർ



അറിയപ്പെടുന്ന എഴുത്തുകാരിയായ ശ്രീമതി ആനി കടവൂർ,**വർണ്ണച്ചിറകുകൾ**ക്ക് വേണ്ടി എഴുതിയ ഏതാനും കൃതികളാണ് ഇവിടെ കൊടുത്തിരിക്കുന്നത്

ഘനമേറിയ ഇരുളിലും നിന്റെ മുഖം
തെരുവിലൊക്കെയും നിന്റെ നിഴലുകൾ
ഇനിയില്ല വഴികളിൽ പുൽനാമ്പുകൾ
കനലെരിഞ്ഞു ചുറ്റും ചുട്ടെരിച്ചു.
നരകമഴിക്കാൻ ഇനിയെത്ര നേരം
ബാല്യകൗമാര യൗവ്വന നാളുകൾ
ക്ഷണനേരം കൊണ്ടു ചോരയായ് തീർന്നു
മിന്നുന്ന താലികണ്ഠത്തിൽ കെട്ടിയാലും
ജീവിത നരകത്തിൻ പിറവിയായ് ജന്മങ്ങൾ
ഓരോ പെണ്ണും പനിനീർപ്പൂവല്ലേ?
ശ്യാമ സുന്ദര ഭൂമി തൻ നിലാവ് പോൽ
കെടാത്ത കൈത്തിരി തെളിച്ചു നാം
ഇരുളകറ്റീടണം കുഞ്ഞു പൂവുകൾ വിടരട്ടെ!

**ആനി കടവൂർ.**



# ആത്മഗതം

മണ്ണ് മരമായി ആകാശത്തേക്ക് നോക്കി ഉടൽ മുഴുവൻ ഉന്മാദത്തിൽ കാറ്റിലാടി.വസന്തം പൂക്കളായി വിടർന്നു. എത്ര വിശുദ്ധമായ വിസ്മയം .വിത്തായി മുളച്ച് പുതു ഇലകളാൽ മരമായ് പൂവായ് കായായ് പച്ചപ്പിന്റെ വിരലുകളാൽ തലോടിയ സമീരൻ ഒരു പൂവിനെ തൊട്ട് കടന്നു പോയി. ഇതു കണ്ട് ഒരു കിളി മരകൊമ്പിൽ വന്നിരുന്ന് ആ പുഷ്പത്തോടു ചോദിച്ചു..നിന്റെ അംഗ പരാഗങ്ങൾ ചുംബിച്ച് കടന്നു പോയ കാറ്റിനോട് നിനക്ക് വിരോധമില്ലേ? പൂവ് പറഞ്ഞു. കാറ്റിനെപ്പോലെ അട്ടഹസിക്കാനും മഴയോട് പരിഭവം പറയാനും വെയിലിനെപ്പോലെ സംഹരിക്കാനും എനിക്കാവില്ല. കാലപ്രവാഹത്തിലൊഴുകി കൊണ്ടിരിക്കുന്ന ജീവിതം കണ്ടിട്ടാണ് എനിക്ക്

വേദനിക്കുന്നത്. ശൈശവവും യൗവ്വനവും വാർദ്ധക്യവും ഒരു ദിനം തന്നെയായവൾ പിന്നെ വേദനിക്കുന്നതെന്തിന്?

പ്രണയ വന്യതയിൽ പൂത്ത വസന്തങ്ങളിൽ ചെടിയും പൂവും നൃത്തമാടി. എങ്കിലും അസ്തമയ സൂര്യന്റെ കിരണങ്ങളാൽ വാടിയ പൂ വിതളിൽ തലോടി ചെടി വിതുമ്പി. കാറ്റ് കള്ളകണ്ണെറിഞ്ഞ് അരികെ വന്നു.ചെടി ഹൃദയ ഭാരത്തോടെ പൂവിനെ തഴുകി പുണർന്നു.ചെടിയുടെ കണ്ണുനീർ ഇലകളായി അടർന്നു. കാറ്റ് പറഞ്ഞു. എന്റെ അമൃതമായ ആത്മ സ്പർശമേറ്റാണ് നിന്റെ ഇതളുകൾ കൊഴിഞ്ഞത്. ഇത് വീഴ്ചയല്ല ക്ഷണികമായ ജീവിത മലരിന്റെ യാത്രയാണ്. എങ്കിലും കാറ്റ് പൂവിന്റെ ഹൃദയസ്പന്ദനം കേട്ടു. കുറച്ചു സമയം കൂടി ചുറ്റിലും സുഗന്ധം പരത്തി ആലോലമാടട്ടെ. കൊഴിച്ച് കളയരുത്. ചെടി പറഞ്ഞു. കറുപ്പും വെളുപ്പും ചിറകുകളുള്ള പേരറിയാത്ത കിളികളെ പ്രണയിച്ചവൾ. വാനിന്റെ വിരിമാറിൽ നിറയെ വർണ്ണങ്ങൾ വാരി നിറച്ചവൾ പഞ്ചഭൂതങ്ങളോടു രമിച്ചവൾ മഞ്ഞ് പൊഴിഞ്ഞ നീർകണങ്ങളിൽ കുളിര് പകർന്നവൾ

പാറി വരുന്ന മഴയോട് തളിരിട്ട് നിന്നവൾ എന്നിട്ടും ജീവിതം ക്ഷണികമാണവൾക്ക് ചെടി വിതുമ്പി. അപ്പോൾ വാനവ ഗായകകരുടെ ആശംസ കേട്ടു ഭൂമിയിൽ സന്മനസ്സുള്ളവർക്ക് സമാധാനം 'ജീവന്റെ മറുകരയിൽ യാത്ര ചെയ്യുന്നവരെ അനുഗമിച്ച് അവിടെ പ്രശോഭിച്ചു.

**ആനി കടവൂർ**

# മൂവന്തിയഴക്



മുന്നാഴി പാലുമായി
മൂവന്തി നേരത്ത്
എത്തുന്ന പെണ്ണേ
പപ്പടവട്ടത്തിൽ
സ്വർണ്ണചിരിയുമായി
എത്തി നീ മാനത്ത്
അന്തിചോപ്പിന് ചേലാണേ
അന്തിമാനം ചുവന്നല്ലോ
മുകിലോൻ പുതപ്പു വിരിച്ചു
മേലെ മലയിലെ അയക്കോലിൽ
കിളി പെണ്ണ് നടവരമ്പിൽ ചിരിതൂകി
തൊഴുതു മടങ്ങി വരണണേ

ആനി കടവൂർ





# അടുക്കള ഗന്ധം

അടുക്കള ആദ്യ ഗന്ധത്തിൻ മണിയറ
കണ്ണാടി പുഴയിൽ കളിവഞ്ചി തുഴയുമ്പോൾ
കണ്ണെറിഞ്ഞു കരിമിഴിയാൾ
കളമൊഴിയല്ല കിളി പെണ്ണിൻ
കണ്ണീരിൻ കഥയുണ്ടല്ലോ
ഉപ്പും മുളകും മല്ലിയോടും എന്തിത്ര പ്രണയം
ഉണക്കി വറുത്തു പൊടിച്ച് തിളപ്പിച്ച പ്രണയം
അവസുഗന്ധപൂരിതമായ്
ചിന്തകളുടെ വിത്ത് മുളപ്പിക്കുന്നു.
ആദ്യമായ് കൺകുളിർക്കെ കണ്ട നാൾ
കരിവള കൈയ്യാൽ നീട്ടിയ ഉണ്ണിയപ്പം
പിന്നീടവ ഇലയട പായസമുപ്പേരിയായ്
മധുര ചവർപ്പുകൾ കാലത്തിൻ കണ്ണാടിയിൽ ആവർത്തനത്തിന്റെ
യുയർച്ചതാഴ്ചകൾ കണ്ടു മടുത്ത പ്രതിഫലനങ്ങൾ
നിന്റെ സാമിപ്യം കവർന്ന പുകമറയിൽ മധുരിച്ചീടുന്നവയെന്നും
കാച്ചെണ്ണ തൻ സുഗന്ധവും അടുക്കളയുടെ നിഴലായി നിലാവായി

നീയങ്ങനെ സ്നേഹത്തിന്റെ കടുക്
വറുക്കുന്ന ഒരു സിംഫണി പോലെ
ഉപ്പുമാങ്ങഭരണി ഗതകാല സ്മരണകളുടെ കലവറ
ഇടനാഴിയിലെ ഒച്ചയില്ലാഞരക്കങ്ങൾ
ആർദ്രമാമോർമ്മകൾ നീലാകാശം പോലെ നിന്നോടൊപ്പം അണിചേർന്നിടുന്ന
ജീവിതത്തിന്റെ ശുക്കുപാലത്തിൽ
ഞാനും നീയും ജീവിതത്തിൻ നിമിഷാർത്ഥത്തിലെ  മഞ്ഞു തുള്ളികൾ


**ആനി കടവൂർ**


# ചിത്രങ്ങൾ


DATE
PAGE
IX.B
Roll.No.7




ANGRY
BIRD
Amina K
Std : V:B























Jithu













CINDERELLA
Alfiya Ansar
IB


Thoufeetha.N
VB


BY
ANDRIYA.E
VIII.C


ALBY:S
9:C





# ലിറ്റിൽ കൈറ്റ്സ് പ്രവർത്തന റിപ്പോർട്ട്

2018-ൽ അംഗീകാരം ലഭിച്ചതിനെ തുടർന്ന് സ്റ്റുഡന്റ് പോലീസ് മാതൃകയിൽ പ്രവർത്തനമാരംഭിച്ചതാണ് ലിറ്റിൽ കൈറ്റ്സ് യൂണിറ്റ്

2016-2017 കാലഘട്ടത്തിൽ കുട്ടിക്കൂട്ടമായി ആരംഭിച്ച യൂണിറ്റാണ് പിന്നീട് ലിറ്റിൽ കൈറ്റ്സ് യൂണിററ് അയി രൂപാന്തരപ്പെട്ടത്

അഭിരുചി പരീക്ഷയിലൂടെ 27 കുട്ടികളെ തിരഞ്ഞെടുക്കുകയുണ്ടായി മികച്ചരീതിയിലുള്ള പ്രവർത്തനം അവർ കാഴ്ച വച്ചു ഗ്രൂപ്പ് പ്രവർത്തനങ്ങളുടെ ഫലമായി

**ഭിന്നശേഷിക്കാരായ കുട്ടികൾക്ക് കംപ്യൂട്ടർ പരിശീലനം**








**അമ്മമാർക്കുള്ള**

**കമ്പ്യൂട്ടർ പരിശീലനം**

ഇരവിപുരത്തെ കടൽക്ഷോഭത്തെക്കുറിച്ചുള്ള ഒരു റിപ്പോർട്ട് ഇവ നിർമ്മിക്കുകയുണ്ടായി



2019-2021 ബാച്ച് ലിറ്റിൽ കൈറ്റ്സ് യൂണിറ്റിലെ 26 കുട്ടികളെ അഭിരുചിപരാക്ഷയിലൂടെ തിരഞ്ഞെടുത്തു തുടർന്ന് പ്രിലിമിനറി ക്യാമ്പ് നടത്തുകയുണ്ടായി







ഐറ്റി ക്ലബിന്റെ നേതൃത്വത്തിൽ **ഐറ്റി ക്വിസ് മത്സരം** നടത്തുകയും വിജയികളെ സബ് ജില്ലാ തല മത്സരത്തിൽ പങ്കെടുക്കുകയും ചെയ്തു

വളരെ മികച്ച രീതിയിൽ നടന്ന മറ്റൊരു പ്രവർത്തനമാണ് '**സ്മാർട്ടമ്മ** 'പരിശീലനം അമ്മമാരെ ക്യു .ആർ കോഡ് നിർമ്മിക്കാൻ സഹായിച്ചു






*കൈറ്റ് മാസ്റ്റർ സെബാസ്റ്റ്യൻ സർ,കൈറ്റ് മിസ്ട്രസ് നൊറീൻമേരി ടീച്ചർ,ഇവരുടെ നേതൃത്വത്തിൽ ആഴ്ചയിൽ ഒരു ദിവസം ക്ലാസ് എടുത്തു വരുന്നു*

***2019-2022 ബാച്ച്** ലിറ്റിൽ കൈറ്റ്സ് കുട്ടികളെ അഭിരുചി പരീക്ഷയിലൂടെ തിരഞ്ഞെടുത്തു*



*2019-2021 ലിറ്റിൽ കൈറ്റ്സ് ബാച്ച്,എട്ടാം ക്ലാസ്*

*തുടർന്ന് **പ്രിലിമിനറി ക്യാമ്പ്** നടത്തി*



# എഡിറ്റോറിയൽ സമിതി രൂപീകരണം

ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെയും വിദ്യാരംഗം അംഗങ്ങളുടെയും സംയുക്ത യോഗം ചേർന്ന് 12-8-2019-ൽ ഈ മാഗസിൻ തയ്യാറാക്കുന്നതിനു-ള്ള പത്രാധിപസമിതിയെ തിരഞ്ഞെടുത്തു . തുടർന്ന് സ്കൂൾ *മാഗസീനിലേക്കായി കുട്ടികളുടെ കഴിവുകൾ മാഗസീനിൽ ഉൾപ്പെടുത്താമെന്ന് തീരുമാനിച്ചു . ഇതിനായി ഒരു നോട്ടീസും തയ്യാറാക്കാൻ തീരുമാനിച്ചു . മലയാളം ടൈപ്പിംഗ് വേഗത ഉണ്ടാക്കുവാനായി കൂടുതൽ സമയം ടൈപ്പ് ചെയ്ത് പഠിക്കാനും തീരുമാനിച്ചു . വിദ്യാരംഗം കോഓർഡിനേറ്ററും മിസ്ട്രസ്മാരും ഇതിൽ സംബന്ധിച്ചു .ഇതനുസരിച്ച് വളരെ കൃത്യതയോടെ കുട്ടികൾ അവരുടെ ജോലികൾ പൂർത്തിയാക്കി*

ഒരിക്കലും  എഴുതി തീർക്കാൻ കഴിയാത്ത മാന്ത്രിക പുസ്തകമാണ് മനസ്സ്.ഏറെ സ്വപ്നങ്ങളും,പരാതികളും,പരിഭവങ്ങളും,സങ്കടങ്ങളും മറ്റും ഒളപ്പിച്ചു വെക്കാൻ കഴിവുള്ള വർണച്ചിറകുകളുടെ മാസ്മരികതയാണ് അതിലെ ഏടുകൾ മറ്റുള്ളവർക്ക് എത്ര മറിച്ചു നോക്കിയാലും വായിച്ചു പഠിച്ചാലും കണ്ടു പിടിക്കാൻ പറ്റാത്ത ഭാഷയാണ് അതിലെ വരികൾ

നന്മയോടെ നേരുന്നു

ശുഭദിനം....